# താമരമൊട്ടുകൾ

വാല്യം 23 | ആഗസ്റ്റ് 2021 | ലക്കം 08 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 22 താമരമൊട്ടുകൾ ആഗസ്റ്റ് 2021 ലക്കം 08

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവ് കല്പിച്ചതുപോലെ പ്രവർത്തിച്ചു."

(മത്താ. 1:24)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 511 |
| 2. | പ്രോഗ്രാം ആഗസ്റ്റ് 2021 | 513 |
| 3. | സർക്കുലർ | 514 |
| 4. | സർക്കുലർ | 518 |
| 5. | കച്ചേരിക്കാര്യം | 523 |
| 6. | വിശ്വാസപരിശീലനം | 526 |
| 7. | ചെറുപുഷ്പ മിഷൻലീഗ് | 529 |
| 8. | തിരുബാലസഖ്യം | 532 |
| 9. | ലിറ്റർജി കമ്മീഷൻ | 533 |
| 10. | വിദ്യാഭ്യാസം | 534 |
| 11. | സ്റ്റാർട്ട് | 535 |
| 12. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 536 |
| 13. | ആൽഫ മരിയ അക്കാദമി | 537 |
| 14. | അൽഫോൻസ കോളേജ് തിരുവമ്പാടി | 539 |
| 15. | മാതൃവേദി | 541 |
| 16. | ആദരാഞ്ജലികൾ | 544 |
| 17. | കുടുംബകൂട്ടായ്മ | 546 |
| 18. | കുടുംബ പ്രേഷിതത്വം | 546 |
| 19. | കെ.സി.വൈ.എം | 547 |
| 20. | എ.കെ.സി.സി | 550 |
| 21. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 552 |
| 22. | ഇൻഫാം | 553 |
| 23. | വിൻസെന്റ് ഡി പോൾ | 553 |
| 24. | കരിസ്മാറ്റിക് മൂവ്മെന്റ് | 554 |
| 25. | എഫ്.എസ്.റ്റി | 555 |
| 26. | പി.എം.ഒ.സി | 556 |
| 27. | വികസനവേദി | 556 |
| 28. | അജപാലനക്കുറിപ്പുകൾ | 558 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Kalarickal Joseph | August | 1 |
| Chilambikunnel Thomas | | 4 |
| Kochumuriyil Thomas | | 5 |
| Karukamalil Vincent | | 9 |
| Kuzhivelil Dominic | | 15 |
| Karakunnel Jacob | | 16 |
| Paimpillil George | | 16 |
| Kandassamkunnel Mathew | | 17 |
| Karackal Sebastian | | 18 |
| Mazhuvanchery Abraham | | 21 |
| Oravumkara John | | 22 |
| Mundanattu George | | 23 |
| Edakkattil Joseph | | 25 |
| Kallikatt Francis | | 25 |
| Pamplaniyil Joseph | | 26 |
| Peruvelil Mathew | | 27 |
| Kannampally Thomas | | 30 |
| Ezhanikatt Joseph | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kuzhivelil Dominic | August | 8 |
| Muttathukudiyil Dominic | | 8 |
| Thoomkuzhy Dominic | | 8 |
| Nelliyany Pius MSFS | | 21 |
| Alumkal Augustine | | 28 |
| Kizhukkarakatt Augustine | | 28 |
| Kizhukarakatt Sudeep | | 28 |
| Kizhukarakatt Danties | | 28 |
| Machukuzhiyil Augustine | | 28 |
| Pannikkottu Augustine | | 28 |
| Pattaniyil Augustine | | 28 |
| Palathumthalackal Augustine | | 28 |
| Vamattathil Augustine | | 28 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ആഗസ്റ്റ് 2021

| | | |
|---|---|---|
| 01 | ഞായർ | **പതിനഞ്ച് നോമ്പാരംഭം** |
| 02 | തിങ്കൾ | ചരമദിനം: ഫാ. ജോസഫ് മണിയങ്ങാട്ട് |
| 04 | ബുധൻ | **വി. ജോൺ മരിയ വിയാനി, വൈദികദിനം** |
| 06 | വെള്ളി | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 07 | ശനി | ചരമദിനം: ഫാ. ജോസഫ് അറക്കപ്പറമ്പിൽ |
| 11 | ബുധൻ | വി. ക്ലാര |
| 14 | ശനി | വി. മാക്സ്മില്ല്യൻ കോൾബെ |
| 15 | ഞായർ | **മാതാവിന്റെ സ്വർഗ്ഗാരോപണം, സ്വാതന്ത്ര്യദിനം** |
| 17 | ചൊവ്വ | ചരമദിനം: ഫാ. ചാണ്ടി കുരിശുംമൂട്ടിൽ |
| 19 | വ്യാഴം | ചരമദിനം: ഫാ. അലക്സ് മണക്കാട്ടുമറ്റം |
| 21 | ശനി | **വി. പത്താംപീയൂസ് മാർപ്പാപ്പ** |
| 22 | ഞായർ | ചരമദിനം: ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം |
| 24 | ചൊവ്വ | **വി. ബർത്തലോമിയോ** |
| 25 | ബുധൻ | ചരമദിനം: ഫാ. ജോസഫ് കോഴിക്കോട്ട് |
| 28 | ശനി | **വി. അഗസ്റ്റിൻ** |
| 29 | ഞായർ | **വി. എവുപ്രാസ്യ** |

Ref: 3540/K-5/KCBC/OL/DS

# കർഷക ക്ഷേമനിധി ബോർഡ് സർക്കുലർ

**കേരള സർക്കാരിന്റെ 2019-ലെ കർഷക ക്ഷേമനിധി ആക്ടിനാൽ സ്ഥാപിതമായ കർഷക ക്ഷേമനിധി ബോർഡിൽ അർഹരായ ചെറുകിട - നാമമാത്ര കർഷകർക്ക് അംഗത്വം നേടുന്നതിന് സഹായകരമായ വിവരങ്ങൾ ജന ങ്ങൾക്ക് നല്കുന്നതിനുവേണ്ടി കെസിബിസി ജസ്റ്റിസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ, ലേബർ കമ്മീഷൻ, ഇൻഫാം എന്നിവയുടെ ചെയർമാന്മാർ ചേർന്ന് പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കാർഷിക വൃത്തിയെ വളരെ ഉത്കൃഷ്ടമായ ഒരു ഉപജീവന മാർഗ്ഗ മായി പരിഗണിക്കുന്നതും അന്നം നല്കുന്ന കർഷകനെ ആദരിക്കുന്ന തുമാണ് കേരള സംസ്കാരം. എന്നാൽ കർഷക ജനതയുടെ നില നില്പും സുരക്ഷയും പലകാരണങ്ങളാൽ ഭീഷണിയിലാണ്. ആപത് കരമായ ഈ പ്രവണതയ്ക്ക് മാറ്റം ഉണ്ടാകണം. ലോകമാസകലം ചർച്ചയ്ക്ക് വിഷയീഭവിപ്പിച്ച ഫ്രാൻസിസ് മാർപാപ്പായുടെ അതിമനോഹരമായ ചാക്രികലേഖനം 'ലൗദാത്തോസി'യുടെ അഞ്ചാം വർഷത്തിൽ കേരള സഭയും കാർഷിക ആഭിമുഖ്യത്തിൽ കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നേറാൻ ആഗ്രഹിക്കുന്നു. കൃഷിയെ സഭയുടെ ഒരു പ്രേഷിത പ്രവർത്തനമായി കാണണം. കർഷ കന് അർഹമായ അവകാശങ്ങളും ആനുകൂല്യങ്ങളും ക്ഷേമപദ്ധതി കളും ലഭിക്കുന്നുവെന്ന് സർക്കാരും സമൂഹവും ഉറപ്പാക്കണം. അതിനുതകുന്ന ഒരു അവസരമായാണ് കേരള സർക്കാരിന്റെ പുതിയ കർഷക ക്ഷേമനിധി ബോർഡിനെ സഭ കാണുന്നത്.

കേരള സംസ്ഥാനത്ത് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യ ങ്ങളും നല്കുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും വ്യവസ്ഥ ചെയ്യുന്ന ഒരു ആക്ടിന്റെ അടിസ്ഥാനത്തിൽ കർഷക ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന കർഷക പെൻഷൻ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. ക്ഷേമനി ധിയിൽ അംഗങ്ങളാകുന്നവർക്ക് 60 വയസ്സിനു ശേഷം പ്രതിമാസം ചുരുങ്ങിയത് 5000/- രൂപാ പെൻഷൻ നല്കുവാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. അഞ്ച് വർഷത്തിൽ കുറയാതെ അംശാദായം അടച്ച വർക്ക് 60 വയസ്സ് തികയുമ്പോൾ അംശാദായത്തിന്റെയും

വർഷത്തി ന്റെയും അടിസ്ഥാനത്തിലായിരിക്കും പെൻഷൻ. ക്ഷേമനിധി ബോർഡിൽ അംഗത്വപ്രക്രിയ പൂർണ്ണമായാൽ കർഷകർക്ക് സർക്കാർ ഇപ്പോൾ നല്കുന്ന പ്രതിമാസ കർഷക പെൻഷൻ ഈ ബോർഡ് വഴിയാകും വിതരണം ചെയ്യുക. തൃശ്ശൂർ ആസ്ഥാനമായി കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. (ഫോൺ നമ്പർ: 0487-2320500). കർഷകർക്കെല്ലാം വളരെ ആശ്വാസവും ആവേശ വും പകരുന്ന പദ്ധതിയാകും ഇതെന്ന് കരുതുന്നു.

കേരള സർക്കാർ 2019 ഡിസംബർ 20-ന് പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ചില കാര്യങ്ങൾ നിങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു: കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. (www.kfwfb.kerala.gov.in)

### (1) ആരാണ് കർഷകൻ?

സ്വന്തമായോ വാക്കാൽ പാട്ടത്തിനോ സർക്കാർ പാട്ടഭൂമിയിലോ കൃഷി ചെയ്യുന്നവർ. അഞ്ച് സെന്റ് മുതൽ 15 ഏക്കർ വരെയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർ. എന്നാൽ റബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ കാര്യത്തിൽ പരിധി ഏഴര ഏക്കറാണ്. കൃഷി പ്രധാന ഉപജീവന മാർഗമായി സ്വീകരിച്ചിട്ടുള്ളവർ. പ്രതിവർഷം അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത വരുമാനമുള്ളവർ. മൂന്നു വർഷ ത്തിൽ കുറയാതെ കൃഷി ചെയ്യുന്നവർ. ഇവർക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകാം.

### (2) ഏതെല്ലാം കൃഷികൾ?

നെൽകൃഷി, ഉദ്യാനകൃഷി, കന്നുകാലി വളർത്തൽ (ക്ഷീര കർഷകർ), ഫലവൃക്ഷങ്ങൾ, പച്ചക്കറി, വാഴ, ഇഞ്ചി, കപ്പ അടക്കമുള്ള കിഴങ്ങുവർഗങ്ങൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ, തീറ്റപ്പുല്ല് കൃഷി ചെയ്യുന്നവർ വൃക്ഷങ്ങൾ നട്ടുവളർത്തൽ, മത്സ്യം, അലങ്കാരമത്സ്യം, ചിപ്പി, കക്ക, തേനീച്ച, പട്ടുനൂൽ പുഴു, കോഴി, താറാവ്, ആട് കൃഷി ഉൾപ്പെടെ എല്ലാം.

### (3) ആർക്കെല്ലാം അംഗത്വം?

18 മുതൽ 55 വരെ വയസ്സുള്ള ഏതൊരു കർഷകനും അംഗമായി രജിസ്റ്റർ ചെയ്യാം. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് നൂറു രൂപ അടയ്ക്കണം. ഇതിലേക്ക് അടയ്ക്കുന്ന തുകയ്ക്ക് ആനുപാതി കമായി പ്രതിമാസം പരമാവധി 250/- രൂപ സർക്കാർ വിഹിതമായി വരും. അർധ വാഷികമായോ വർഷത്തിൽ ഒരിക്കലോ സൗകര്യം പോലെ അടയ്ക്കാം. കൂടുതൽ തുകയും അടയ്ക്കാവുന്നതാണ്. കർഷകർക്ക് സ്മാർട്ട് ഫോണിലൂടേയോ കമ്പ്യൂട്ടർ വഴിയോ നേരിട്ട് ഓൺലൈനായി രജിസ്റ്റർ ചെയ്യുവാനും വിഹിതം അടയ്ക്കുവാനും വിവരങ്ങൾ അറിയുവാനുമുള്ള പോർട്ടൽ സംവിധാനവും ഉണ്ടാകും. അക്ഷയ കേന്ദ്രങ്ങളിലും സേവനം ലഭ്യമാകും.

**(4) അംഗമാകുവാൻ ആവശ്യമായ രേഖകൾ എന്തെല്ലാം?**

(a) കർഷകരാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം:

- ക്ഷീര കർഷകരാണെങ്കിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
- ആട്, കോഴി, താറാവ് എന്നീ കർഷകർ വെറ്ററിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
- മത്സ്യകൃഷി നടത്തുന്നവർ ഫിഷറീസ് ഇൻസ്പെക്ടറുടെ സർട്ടി ഫിക്കറ്റ് വാങ്ങണം.
- മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ താലൂക്ക് ഇൻഡ സ്ട്രീസ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.

(b) അഞ്ച് ലക്ഷത്തിൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

(c) ആധാർ പകർപ്പ്

(d) വയസ്സ് തെളിയിക്കുന്നതിന് രേഖയായി ഐഡൻറിറ്റി കാർഡ് / എസ് എസ് എൽ സി ബുക്ക് കോപ്പി

(e) കരം അടച്ച രസീത്

(f) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ

(g) രജിസ്ട്രേഷൻ ഫീസ് 100/- രൂപ

**(5) അംഗത്വ കാർഡ്:**

വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ ആവശ്യമായ പരിശോധനകൾ നടത്തി വിവരങ്ങൾ ശരിയാണെന്നു കണ്ടെത്തിക്ക ഴിഞ്ഞാൽ അംഗത്വം ലഭിക്കുന്നവർക്ക് അംഗത്വ കാർഡ് നൽകും.

**(6) ആനുകൂല്യങ്ങൾ:**

(a) ക്ഷേമനിധിയിൽ കുടിശ്ശികയില്ലാതെ അംഗമായി തുടരുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത കർഷകർക്ക് അടച്ച അംശാദായത്തിന് ആനുപാതികമായി പെൻഷൻ ലഭിക്കും; എങ്കിലും കുറഞ്ഞ പെൻഷൻ മാസം തോറും 5000 രൂപയെങ്കിലും ആയിരിക്കും. (ഭാവിയിൽ അതു വർധിക്കും)

(b) അംഗമാകുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ.

(c) മക്കളുടെ വിദ്യാഭ്യാസ സഹായം

(d) അംഗങ്ങളായ വനിതകളുടെയും അംഗങ്ങളുടെ പെൺമക്കളുടെ യും വിവാഹസഹായം.

(e) അംഗങ്ങളായ വനിതകളുടെ പ്രസവത്തിന് രണ്ട് തവണ ആനു കൂല്യം ലഭിക്കും.

(f) ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാ ശാലകളിലെ പഠനത്തിന് വിദ്യാഭ്യാസ ധനസഹായവും ഈ പദ്ധതി ഉറപ്പാക്കുന്നു.

(g) കുറഞ്ഞത് അഞ്ചുവർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ച ശേഷം മരണമടയുന്ന അംഗത്തിന്റെ കുടുംബത്തിന് കുടുംബ പെൻഷൻ

ലഭിക്കുമെന്നത് കർഷക കുടുംബങ്ങൾക്ക് വളരെയേറെ ആശ്വാസം നൽകുന്നതാണ്.

(h) പെൻഷൻ തിയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്ക് 60 വയസ്സുവരെ പ്രതി മാസം പെൻഷൻ ലഭിക്കും.

(i) രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉണ്ടാ കുന്നവർക്ക് അവശത ആനുകൂല്യം ലഭിക്കും. ബോർഡ് തീരു മാനിക്കുന്ന ലൈഫ് ഇൻഷ്വറൻസ്, മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷയിൽ ചേരുന്ന അംഗങ്ങൾക്ക് ചികിത്സാ സഹായവും ലഭിക്കും.

പ്രിയ സഹോദരങ്ങളേ,

കർഷക ക്ഷേമനിധി ബോർഡിൽ നാമമാത്ര - ചെറുകിട കർഷ കർക്ക് അംഗത്വം ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ വാങ്ങിയെടു ക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സഭാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. സംസ്ഥാന തലത്തിൽ കേരള സോഷ്യൽ സർവ്വീസ് ഫോറം, കേരള ലേബർ മൂവ്മെന്റ്, ഇൻഫാം എന്നീ പ്രസ്ഥാനങ്ങൾ ചേർന്ന് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ രൂപതകളിലും ചെറുകിട കർഷകരെ ഈ ക്ഷേമനിധി ബോർ ഡിൽ അംഗത്വം നേടുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ നടപടി കൾ ചെയ്തു കൊടുക്കുന്നതിന് രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി, കെ.എൽ.എം., ഇൻഫാം എന്നിവയുടെ ആഭിമുഖ്യത്തിൽ ആവശ്യാനുസരണം ഹെൽപ്പ് ഡെസ്ക്കുകൾ രൂപീകരിച്ച് പ്രവർത്തിക്കുക. എത്ര പേർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം നേടിക്കൊടു ത്തുവെന്ന് സംസ്ഥാന തലത്തിലേക്ക് റിപ്പോർട്ട് ചെയ്യുക.

പ്രതികൂലമായ കാലാവസ്ഥ, വന്യജീവി ശല്യം, വിലത്തകർച്ച എന്നിവ അതിജീവിച്ച് കാർഷിക വൃത്തിയനുഷ്ഠിച്ച് സമൂഹത്തെ തീറ്റിപ്പോറ്റുന്ന കർഷക ജനതയ്ക്ക് സാധ്യമായ സാമൂഹ്യ സുരക്ഷ ഏർപ്പെടുത്തുന്നതിന് നമ്മുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

യേശു ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ,**
ചെയർമാൻ, ജെ.പി.ഡി. കമ്മീഷൻ

**ബിഷപ് ഡോ. അലക്സ് വടക്കുംതല,**
ലേബർ കമ്മീഷൻ

**ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ,**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

---

*N.B: ഈ സർക്കുലറിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ദൈവജനത്തെ അറിയി ക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.*

Ref: 3543/K-5/KCBC/OL/DS

# 8 ആഗസ്റ്റ് 2021 ഞായർ തടവറ പ്രേഷിതദിനം

*തടവറ പ്രേഷിത ദിനത്തോടനുബന്ധിച്ച് കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ.*

**കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,**

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). ഏശയ്യായുടെ പുസ്തകത്തിൽ കാണുന്ന ഈ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത്. തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടത്തെ കാത്തിരുന്നത്. മഹനീയനായ തടവുകാരൻ ആണ് ഈശോ; പരിശു ദ്ധനായ തടവുകാരൻ. അവിടന്ന് കാരാഗൃഹത്തിലടയ്ക്ക പ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. കുറ്റവാളിയായി അവിടുന്ന് മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. നമ്മുടെ നീതികരണത്തിനായി പാപമില്ലാത്തവനെ ദൈവം പാപമാക്കി (2കോറി 5:21).

"തടവുകാരോട് നിങ്ങളും അവരോടൊപ്പം തടവറയിലെന്നപോലെ പെരുമാറുവിൻ" (ഹെബ്രാ 13:3) എന്ന ദൈവവചനം എത്രയധികം അവരെ കരുതുകയും സ്നേഹിക്കുകയും ശിശ്രൂഷിക്കുകയും ചെയ്യണം എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. തടവുകാരുടെ ദയനീയ അവസ്ഥ നാം തിരിച്ചറിയേണ്ടതാണ്. അവർ നേരിടുന്ന അപമാനം, പ്രതീക്ഷയില്ലായ്മ, നിസ്സഹായ മനോഭാവം, മനുഷ്യത്വത്തിന് യോജിക്കാത്ത അവസ്ഥകൾ, അവരുടെ കുടുംബത്തിന്റെ അവസ്ഥ എന്നിവ നമ്മെ അസ്വസ്ഥരാക്കണം. കർത്താവ് ചോദിക്കുന്നു: ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചോ? (cf: മത്താ 25: 36). സാഹചര്യങ്ങളുടെ സമ്മർദം കൊണ്ടാണ് ഒട്ടുമിക്കവരും കുറ്റകൃത്യങ്ങൾക്ക് അടിമകളായിത്തീർന്നത്. അവർക്കു വേണ്ടിയും അവരുടെ കുടുംബങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കാനും അവരെ സഹായിക്കാനും നമുക്ക് കടമയുണ്ട്. സുപ്രധാനമായ

ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനു വേണ്ടി ഭാരത കത്തോലിക്കാസഭ തടവറപ്രേഷിത പ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വി. മാക്സ് മില്ല്യൻ മരിയ കോൾബെയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14 നു മുൻപ് വരുന്ന ഞായറാഴ്ച തടവറ പ്രേക്ഷിത ദിനമായി ആഘോഷിക്കുകയാണ്.

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ നാമെല്ലാവരും ഒരർത്ഥ ത്തിൽ പരിമിതികളുടെയും ആശങ്കകളുടെയും രോഗങ്ങളുടെയും തടവറയിലാണ്. തടവറയിൽ കഴിയുന്ന സഹോദരങ്ങളെ കാരുണ്യപൂർവ്വം ഓർമ്മിക്കാൻ ഈ നാളുകളിലെ അനുഭവങ്ങൾ നമ്മെ സഹായിക്കുന്നു. 2019 ലെ സ്ഥിതി വിവരക്കണക്കുകൾ പ്രകാരം ഇന്ത്യയിലെ ജയിലുകളിലുള്ള തടവുകാരിൽ എഴുപതു ശതമാനം ആളുകളും വിചാരണ നേരിട്ട് കൊണ്ടിരിക്കുന്നവരും കുറ്റാരോപിതരുമാണ്. മുപ്പത് ശതമാനം പേർ മാത്രമാണ് നിയമത്തിന്റെ മുൻപിൽ കുറ്റക്കാരെന്ന് വിധിക്കപ്പെട്ടിട്ടുള്ളത്. നിരപരാധികളായ അനേകം മനുഷ്യർ ഇന്ന് ജയിലുകളിൽ വിചാരണ നേരിട്ടുകൊണ്ടിരിക്കുന്നു. കുറ്റാരോപിതർ എല്ലാവരും കുറ്റക്കാരാണ് എന്ന സമൂഹത്തിന്റെ മനോഭാവം അപലപനീയമാണ്. കുറ്റാരോപിതനായി മുംബൈയിലെ തലോജ ജയിലിൽ അടയ്ക്കപ്പെട്ട മനുഷ്യാവകാശ പ്രവർത്തകനും ഈശോസഭാംഗവുമായ ഫാ. സ്റ്റാൻ സ്വാമിയുടെ വിയോഗം നമ്മെ ഏറെ ദുഃഖത്തിലാഴ്ത്തി. തടവറയിൽ അടയ്ക്കപ്പെട്ട മനുഷ്യരുടെ ദയനീയാവസ്ഥയെക്കുറിച്ച് ഈ സംഭവം നമ്മെ ഓർമ്മപ്പെടുത്തുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ 'എല്ലാവരും സോദരർ' എന്ന തന്റെ ചാക്രികലേഖനത്തിൽ വധശിക്ഷയെക്കുറിച്ച് ഇപ്രകാരം പറയുന്നു: "എല്ലാ ക്രൈസ്തവ വിശ്വാസികളും നന്മ ആഗ്രഹിക്കുന്നവരും നിയമപരവും അല്ലാതെയുമുള്ള എല്ലാത്തരം വധശിക്ഷയും നിരോധിക്കാനുള്ള പ്രവർത്തനങ്ങളിൽ ഇന്ന് സജീവമായി ഏർപ്പെടുകയും, മാത്രമല്ല ജയിൽ സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ശബ്ദമുയത്തുകയും ചെയ്യുന്നവരാകണം. കാരണം സ്വാതന്ത്ര്യം ഹനിക്കപ്പെട്ട് ജയിൽവാസം അനുഭവിക്കുന്നവർക്ക് മനുഷ്യാന്തസ് നിലനിർത്തുവാനുള്ള അവകാശമുണ്ട്. ഒരു കൊലപാതകിപോലും അവന്റെ മനുഷ്യാന്തസ്സ് നഷ്ടപ്പെടുത്തുന്നില്ല. ഏറ്റവും കൊടിയ കുറ്റവാളിക്കുള്ള അന്തസ് ഞാൻ നിഷേധിക്കാതിരുന്നാൽ ഏതൊരു മനുഷ്യന്റെയും അന്തസിനെ മാനിക്കാൻ എനിക്കും സാധിക്കും. എല്ലാ വ്യത്യാസങ്ങൾക്കും അപ്പുറം എല്ലാ മനുഷ്യർക്കും ഈ ഭൂമിയിൽ സഹവസിക്കാനുള്ള സാധ്യത ഞാൻ അംഗീകരിക്കുകയും ചെയ്യും" (*Fratelli tutti* : 268 - 269). കുറ്റവാളികൾക്ക് കൊടുക്കുന്ന ശിക്ഷകൾ മനുഷ്യ അന്തസ്സിനെ മാനിക്കുന്നതും അവരെ മനഃപരിവർത്തനത്തിലേക്കും നന്മയിലേക്കും നയിക്കുന്നതുമാകണമെന്നാണ് പരിശുദ്ധ പിതാവ് ഇവിടെ അർത്ഥമാക്കുന്നത്.

നമ്മുടെ പാപാവസ്ഥയിലേക്ക് ദൈവം ഇറങ്ങി വന്നു! നമ്മൾ നഷ്ടപ്പെട്ടവരായപ്പോൾ ദൈവം താഴേക്കു വന്നു! ദൈവത്തിന്റെ കണ്ണുകളിൽ നമുക്ക് ഒരിക്കലും മൂല്യം നഷ്ടപ്പെടുന്നില്ല, നാം എപ്പോഴും അവിടുത്തെ കാഴ്ചയിൽ വിലപ്പെട്ടവരായി നിലകൊള്ളുന്നു. എന്തെന്നാൽ, ദൈവം അനന്ത സ്നേഹമാണ്. അഗ്നിക്ക് ചൂടില്ലാതിരിക്കാൻ കഴിയാത്തതുപോലെ ദൈവത്തിന് സ്നേഹിക്കാതിരിക്കാനും കഴിയില്ല. ഒരുവനും മാനസാന്തരത്തിന് അതീതനല്ല എന്ന ദർശനമാണ് തടവറ പ്രേഷിതത്വം ഉൾക്കൊള്ളുന്നത്. നമ്മുടെ കർത്താവ് 'നല്ലകള്ളന്' പറുദീസ ഉറപ്പുവരുത്തിക്കൊണ്ട് ഒരുവനും രക്ഷയ്ക്ക് അപ്പുറത്തല്ല എന്ന് നമ്മെ പഠിപ്പിക്കുകയും ചെയ്തു. അങ്ങേയറ്റം സുരക്ഷിതത്വമുള്ള തടവറകളുടെ ഭിത്തികൾക്കു പിന്നിൽ കഠിനഹൃദയരായ കുറ്റവാളികൾ പ്രത്യാശയുടെ സന്ദേശവാഹകരായി രൂപാന്തരപ്പെടുന്ന അനുഭവങ്ങളാണ് തടവറപ്രേക്ഷിത പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നത്. "ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം. നീതിമാൻമാരെയല്ല, പാപികളെ വിളിക്കാനാണ് ഞാൻ വന്നത്" (മർക്കോ 2:17) എന്ന ക്രിസ്തുവചനത്തിന്റെ അർത്ഥം നമുക്ക് ആഴമായി ഗ്രഹിക്കാൻ കഴിയണം. യേശു ഈ ഭൂമിയിലേക്ക് വന്നതിന്റെ ലക്ഷ്യം പാപികളെ വിളിക്കുകയും നഷ്ടപ്പെട്ടവരെ രക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു. കുരിശിൽ കിടന്ന് "എനിക്ക് ദാഹിക്കുന്നു" എന്ന് വിലപിച്ച ഈശോ ഇന്ന് തടവറകളുടെ ഇരുണ്ടമുറികളിൽ കഴിയുന്ന ആത്മാക്കളുടെ രക്ഷയ്ക്കായി ദാഹിക്കുന്നുണ്ട്.

തടവറകളുടെ പുനരധിവാസത്തിനും രക്ഷയ്ക്കും വേണ്ടി നാം എന്താണ് ചെയ്യേണ്ടത്? ദൈവത്തിന്റെ രക്ഷാകര ദൗത്യത്തിന്റെ ശ്രേഷ്ഠമായ ഈ ജോലിയിൽ ഒരു ഭാഗമായിത്തീരാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മൂന്നുവിധത്തിൽ ശുശ്രൂഷാധർമ്മം നിർവഹിച്ച് നിങ്ങൾക്കത് സാധ്യമാക്കാവുന്നതാണ്.

ഒന്നാമതായി, യേശു സാഹോദര്യ കൂട്ടായ്മ അഥവാ തടവറ പ്രേഷിത ശുശ്രൂഷയുടെ ഉത്ഭവം ദിവ്യകാരുണ്യത്തിൽ നിന്നാണ്. ദിവ്യകാരുണ്യത്തിന്റെ മുന്നിൽ ചെലവഴിച്ച മണിക്കൂറുകൾ ഈ ശുശ്രൂഷയുടെ വളർച്ചയ്ക്കുള്ള അനുഗൃഹീതമായ നിമിഷങ്ങളാണ്. ഓരോ സന്ദർശനത്തിനും മുൻപ് അംഗങ്ങൾ പ്രാർത്ഥനയിൽ അഭയം പ്രാപിക്കുകയും മധ്യസ്ഥ പ്രാർത്ഥന നടത്തുകയും ഉപവസിക്കുകയും ചെയ്യുന്നു. അടിസ്ഥാനപരമായി തടവറ പ്രേഷിത കൂട്ടായ്മ എന്നത് ഒരു പ്രാർത്ഥനാ സമൂഹമാണ്. ഈ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കുചേർന്ന് നിങ്ങൾക്കും തടവറ പ്രേഷിതരാകാം.

രണ്ടാമതായി, നിങ്ങൾക്ക് ജയിലുകളും തടവറ പ്രേഷിത കൂട്ടായ്മയുടെ പുനരധിവാസ കേന്ദ്രങ്ങളും തടവറമക്കളുടെ കുട്ടികൾക്കു വേണ്ടിയുള്ള ഭവനങ്ങളും സന്ദർശിക്കാം."എന്റെ കുടുംബം എന്നെ ഉപേക്ഷിച്ചു; സമൂഹം എന്നെ

ഒരു കുറ്റവാളിയായി മാത്രം പരിഗണിക്കുന്നു; നിങ്ങൾ എന്നെ സഹായിച്ചില്ലെ ങ്കിൽ വേറെ ആരെന്നെ സഹായിക്കും? ഞാൻ ജയിൽ വിമുക്തനാകുമ്പോൾ എനിക്ക് ഒരു ജോലിതരാൻ ആരും ധൈര്യപ്പെടുകയില്ല; ദയവായി എനിക്ക് ഒരു ജോലി സംഘടിപ്പിച്ചു തരാമോ?" തടവറക്കാർ നടത്തുന്ന ഹൃദയഭേദകമായ ഈ വിലാപം യേശു സാഹോദര്യ കൂട്ടായ്മ ശുശ്രൂഷകരുടെ ഹൃദയങ്ങളെ ചലിപ്പിച്ചു. അതിന്റെ ഫലമാണ് 1991- ൽ സ്ഥാപിച്ച സ്നേഹാശ്രമം എന്ന പുന രധിവാസകേന്ദ്രം. ഇന്ന് കേരളത്തിൽ തടവറ പ്രേഷിത കൂട്ടായ്മ ജയിൽ വിമു ക്തരായ വ്യക്തികൾക്കും അവരുടെ മക്കൾക്കുംവേണ്ടി 10 പുനരധിവാസ കേന്ദ്ര ങ്ങൾ നടത്തുന്നുണ്ട്.

മൂന്നാമതായി, തടവറമക്കളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി തടവറ പ്രേഷിത കൂട്ടായ്മയെ സാമ്പത്തികമായി സഹായിക്കാൻ നിങ്ങൾക്ക് കഴിയും. ഈ പ്രേഷിത കൂട്ടായ്മയുടെ ഒരു അടിസ്ഥാന തത്ത്വം "പങ്കുവയ്ക്കലാണ്". തടവറയിൽ കഴിയുന്നവർക്ക് നല്ല ഭാവി സൃഷ്ടിക്കാനും അവരുടെ കുടുംബ ങ്ങളെ സമുദ്ധരിക്കാനും നമുക്കൊരുമിച്ച് കൈകോർക്കാം. ആളുകളെ വ്യക്തിപ രമായി കണ്ടുമുട്ടി സുമനസ്സുകളുടെ സഹായത്തോടെ പദ്ധതികളും ദർശനങ്ങളും യാഥാർത്ഥ്യമാക്കുന്ന ശൈലിയാണ് യേശുസാഹോദര്യത്തിനുള്ളത്. കർത്താ വിന്റെ ഈ ചെറിയവർക്കുവേണ്ടി ആത്മാർത്ഥമായി ഉള്ളതിൽ നിന്ന് പങ്ക്വയ്ക്കു മ്പോൾ നാം കർത്താവിനുതന്നെയാണ് നൽകുന്നതെന്ന കാര്യം മറക്കാതിരി ക്കാം.

കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തന ങ്ങൾക്ക് അംഗീകാരമെന്നവിധം ജയിൽവകുപ്പ് എല്ലാ ജയിലുകളും സന്ദർശി ക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രമായി ഒരു പൊതു അനുവാദം നൽകിയിട്ടുണ്ട്. കേരളത്തിലെ 32 രൂപതകളിലും ഡയറക്റ്റർ അച്ചൻമാരുടെ നേതൃത്വത്തിൽ 50 -ഓളം യൂണിറ്റുകളിലായി 1000 ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. നമ്മുടെ എല്ലാ രൂപതകളിൽ നിന്ന് കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നു വരണമെന്ന് അഭ്യർത്ഥിക്കു ന്നു. കേരളത്തിലെ ഒൻമ്പത് മേജർ സെമിനാരികളിലും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ യൂണിറ്റുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. വൈദിക വിദ്യാർത്ഥികൾ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷകൾ സ്തുത്യർഹമാണ്. അനേകം അൽമായരും സമർപ്പിതരും വൈദികരും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവ്വകമായ അനുമോദനവും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിത ദിനത്തിൽ ഇടവകകളിൽ നിന്ന് ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ്സ് ഫ്രട്ടേ ണിറ്റിയുടെ ബഹുമുഖ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. കോവി ഡിന്റെ പശ്ചാത്തലത്തിൽ ഈ വർഷവും പല പരിമിതികളുമുണ്ട് എന്നത് വസ്തു

തയാണ്. എങ്കിലും സാധിക്കുന്ന വിധമുള്ള സംഭാവനകൾ ഓരോ രൂപതയും പി.ഒ.സി യിൽ പ്രവർത്തിക്കുന്ന ജീസസ്സ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണ്ണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ആഗതമാകുന്ന ഭാരത സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണത്തിരുന്നാളും നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഏവർക്കും ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ലഭിക്കട്ടെ.

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,
**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

---

*N.B: 2021 ആഗസ്റ്റ് 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*



*St. Joseph, Pray for us*

# കച്ചേരിക്കാര്യം

### 1. പുതിയ നിയമനങ്ങൾ

| | | |
|---|---|---|
| ഫാ. തോമസ് കടപ്ലാക്കൽ | - | സി.എം.എൽ. വിലങ്ങാട് മേഖല |
| ഫാ. മാത്യു തിട്ടയിൽ | - | സി.എം.എൽ മലപ്പുറം മേഖല |
| ഫാ. തോമസ് കടപ്ലാക്കൽ | - | മാതൃവേദി വിലങ്ങാട് മേഖല |
| ഫാ. ജോസഫ് പാലക്കാട്ട് | - | ഡയറക്ടർ, എപ്പാർക്കിയൽ സ്പോർട്സ് അക്കാദമി |
| ഫാ. ജോസഫ് കളരിയ്ക്കൽ | - | ഡയറക്ടർ, എക്യുമെനിസം |
| ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ | - | പാസ്റ്ററൽ മിനിസ്ട്രി, ഗ്രേറ്റ് ബ്രിട്ടൺ |
| ഫാ. സ്കറിയ തുണ്ടത്തിൽ | - | പാസ്റ്ററൽ മിനിസ്ട്രി, റോട്ടൻബർഗ്, ജർമ്മനി |

ഫാ. സെബാസ്റ്റ്യൻ പുതിയാപറമ്പിൽ - നൂൺഷിയേച്ചർ, ഗ്രീസ്

### 2. വൈദികദിനം

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4-ാം തീയതിയാണ്. അന്നേദിവസം വൈദികർ ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ഓർമ്മിപ്പിക്കുകയും പരസ്പരം പ്രാർത്ഥിച്ചും ആശംസകൾ നേർന്നും വൈദിക കൂട്ടായ്മ വർദ്ധിപ്പിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

### 3. വൈദിക ക്ഷേമനിധി

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുവായ പിരിവുകൾ ഒന്നും എടുക്കിന്നില്ലെങ്കിലും വൈദിക ക്ഷേമനിധിയിലേ ക്കുള്ള വ്യക്തിവിഹിതവും, ഇടവക വിഹിതവും നല്കി സഹകരിക്കുമല്ലോ.

### 4. തടവറ പ്രേഷിതദിനം

ആഗസ്റ്റ് 8-ാം തീയതി കേരളസഭ തടവറ പ്രേഷിതദിനമായി ആചരിക്കുന്നു.

### 5. പതിനഞ്ച് നോമ്പ്


പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന് മുന്നോടിയായി നമ്മുടെ സഭയിൽ പതിനഞ്ച് നോമ്പ് ആഗസ്റ്റ് 1 മുതൽ 15 വരെ ആചരിക്കുന്ന നല്ല പാരമ്പര്യം ഉണ്ടല്ലോ. ഈ കാലഘട്ടത്തിൽ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന്

ലോകമുഴുവനെയും മാതൃരാജ്യത്തെ യും സമർപ്പിച്ച് നമുക്ക് പ്രാർത്ഥിക്കാം. കൂടുതൽ തീക്ഷണതയോടെ പരിശുദ്ധ അമ്മയിൽ അഭയം തേടുന്നതിനും തീഷ്ണതയോടെ നോമ്പാചരണം നടത്തുവാനും ദൈവജനത്തെ ഓർമ്മിപ്പിക്കുമല്ലോ.

**6. സ്മരണാഞ്ജലി**

| | | |
|---|---|---|
| **02-08-2010** | **-** | **റവ. ഫാ. ജോസഫ് മണിയങ്ങാട്ട്** |
| 02-08-1992 | - | റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. |
| 03-08-1973 | - | റവ. ഫാ. ജോസഫ് ഇടക്കര |
| 06-08-1958 | - | റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. |
| 08-08-1993 | - | റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. |
| **09-08-2011** | **-** | **റവ. ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ** |
| 10-08-2007 | - | റവ. ഫാ. ജോർജ് കച്ചിറമറ്റം |
| 13-08-1994 | - | റവ. ഫാ. തോമസ് മാമ്പുഴയ്ക്കൽ |
| **17-08-2018** | **-** | **റവ. ഫാ. ചാണ്ടി കുരിശുംമൂട്ടിൽ** |
| **19-08-2007** | **-** | **റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം** |
| **22-08-2005** | **-** | **റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം** |
| **25-08-2010** | **-** | **റവ. ഫാ. ജോസഫ് കോഴിക്കോട്ട്** |
| 28-08-1970 | - | റവ. ഫാ. ജോർജ് വട്ടുകുളം |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# സ്നേഹസ്മരണയ്ക്ക്



റവ. ഫാ. ജോസഫ്
മണിയങ്ങാട്ട് (02.08.2010)



റവ. ഫാ. ജോസഫ്
അറയ്ക്കപ്പറമ്പിൽ (09.08.2011)



റവ. ഫാ. ചാണ്ടി
കുരിശുംമൂട്ടിൽ(17.08.2018)



റവ. ഫാ. അലക്സ്
മണക്കാട്ടുമറ്റം (19.08.2007)



റവ. ഫാ. അഗസ്റ്റിൻ
തുരുത്തിമറ്റം (22.08.2005)



റവ. ഫാ. ജോസഫ്
കോഴിക്കോട്ട് (25.08.2010)

# വിശ്വാസപരിശീലനം

ആഗസ്റ്റ് 15 പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളാണല്ലോ. ആത്മശരീരങ്ങളോടു കൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട പരിശുദ്ധ കന്യകാമറിയത്തിന്റെ ആത്മീയമക്കളായ നമുക്ക് സന്തോഷം നൽകുന്ന ഒരു തിരുനാളാണ് സ്വർഗ്ഗാരോപണതിരുനാൾ. ഈ ദിനത്തെ കടമുള്ള ദിവസം ആയി സഭ പ്രഖ്യാപിച്ചിരിക്കുന്നതുത്തന്നെ ഈ തിരുനാളിന്റെ പ്രാധാന്യത്തെ എടുത്തു കാണിക്കാനാണ്. സ്വർഗ്ഗാരോപണ തിരുനാൾ നൽകുന്ന മൂന്ന് പ്രധാന സന്ദേശങ്ങൾ ഇവയാണ്.

1. യേശുവിനെയും മറിയത്തെയും പോലെ മരണശേഷം നാമെല്ലാവരും ആത്മശരീരങ്ങളോടെ ഉത്ഥാനം ചെയ്യും
2. മാതാവ് അമലോൽഭവയായതുകൊണ്ട് മരണത്തോടെ സ്വർഗ്ഗത്തിലേക്ക് നേരിട്ട് എടുക്കപ്പെട്ടു. അതുപോലെ സ്വർഗ്ഗപ്രവേശനത്തിന് പരിപൂർണ്ണ വിശുദ്ധി ആവശ്യമാണ്.
3. കുരിശ് വഹിക്കുന്നവർക്കാണ് സ്വർഗ്ഗത്തിൽ വലിയ പദവി ലഭിക്കുന്നത്.

## Dear Jesus

10, 11, 12 ക്ലാസുകളിലെ കുട്ടികളുടെ ഓൺലൈൻ ധ്യാനം ജൂലൈ 2,3, 4 തീയതികളിൽ നടന്നു. ബഹുമാനപ്പെട്ട ചാക്കോ മുണ്ടക്കലച്ചൻ ധ്യാനത്തിന് നേതൃത്വം കൊടുത്തു. രണ്ടായിരത്തിയ്യഞ്ഞൂറോളം യുവജനങ്ങൾ ധ്യാനത്തിൽ പങ്കെടുത്തു.

### നിറച്ചാർത്ത് (പെയിന്റിങ് മത്സരം)

ഈ വർഷത്തെ മതബോധന പ്രമേയമായ **'കർത്താവേ അങ്ങാണ് എന്റെ പ്രത്യാശ'** എന്ന വചനഭാഗത്തെ ആസ്പദമാക്കി നടത്തിയ പെയിന്റിങ് മത്സരത്തിൽ വിജയികളായവർ.

### ജൂനിയർ വിഭാഗം

| | |
|---|---|
| 1st prize | കരോളിൻ R. വർഗീസ്, ചേവായൂർ |
| II nd prize | ജുവെൽ എലിസബത്ത് ജോൺ, മലപ്പുറം |
| III rd prize | മരിയ ജിയാന്ന ജിമ്മി, മാങ്കാവ് |

### സീനിയർ വിഭാഗം

| | |
|---|---|
| 1st prize | ആൽവിയ മരിയ ജോൺ, മാലാപറമ്പ്. |
| II nd prize | സാനിയ ബെന്നി, അമലാപുരി |
| III rd prize | മിൻസാ ആൻ ഡെൽസ്, പാറോപ്പടി |

### സൂപ്പർ സീനിയർ വിഭാഗം

| | |
|---|---|
| 1st prize | ക്രിസ്റ്റിൻ ജോൺസൺ, കല്ലാനോട് |
| II nd prize | ജോസി. A. Y, ഒറവുപുറം |
| III rd prize | റോബിൻ ജോർജ്, മഞ്ഞക്കടവ് |

### പുസ്തക വിലയിൽ മാറ്റം

| | |
|---|---|
| ആദ്യ കുർബാന പുസ്തകം | 60/- |
| പ്രോഗ്രസ് കാർഡ് | 20/- |
| പോക്കറ്റ് ബൈബിൾ | 75/- |
| 10 11 12 ക്ലാസ്സ് ഉപപാഠം | 50/- |

10 11 12 ക്ലാസുകളിലെ ഉപപാഠം ആഗസ്റ്റ് മാസത്തിൽ പുറത്തിറക്കാൻ എല്ലാ ക്രമീകരണങ്ങളും ചെയ്യുന്നു. ചില സാങ്കേതിക തടസ്സങ്ങൾ ഉള്ളതിനാലാണ് പുസ്തകം വൈകുന്നത്.

## HCC Form

HCC രജിസ്ട്രേഷൻ ഫോം സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 12 നായിരുന്നു ഇനിയും ഫോമുകൾ എത്തിക്കാത്ത ഇടവകകൾ എത്രയും വേഗം ഫോമുകൾ പൂരിപ്പിച്ച് ഫോട്ടോ ഒട്ടിച്ച് വികാരി അച്ചന്റെ ഒപ്പോടുകൂടി മതബോധന ഓഫീസിൽ എത്തിക്കുക. രജിസ്ട്രേഷൻ ഫീസ് HCC-I - 200, HCC-II - 200

### ആമുഖ സെമിനാർ

ആമുഖ സെമിനാറിന് Assignment സമർപ്പിക്കേണ്ട തീയതി ജൂലൈ 15 ആയിരുന്നു. Assignment സമർപ്പിച്ചവരുടെ പേര് വിവരങ്ങൾ *Whatsapp* ഗ്രൂപ്പിൽ ഇടുന്നതാണ്. വർക്ക് സമർപ്പിച്ചവർക്ക് മാത്രമാണ് സർട്ടിഫിക്കറ്റ് ലഭിക്കുന്നത്.

### ഓൺലൈൻ വിശ്വാസ പരിശീലന ക്ലാസുകൾ

ഓൺലൈൻ ക്ലാസുകൾ സജീവമായി മുന്നോട്ടു പോകുന്നു. ഓരോ പാഠത്തിന്റെയും രണ്ടാംഭാഗം അയക്കുന്നതോടൊപ്പം നൽകുന്ന പ്രവർത്തനങ്ങൾ കുട്ടികൾ വർക്ക് ബുക്കുകളിൽ രേഖപ്പെടുത്തണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. സൗകര്യംപോലെ ക്ലാസ് അധ്യാപകൻ കുട്ടികളുടെ വർക്ക് ബുക്കുകൾ പരിശോധിച്ച് മാർക്ക് നൽകേണ്ടതാണ്.

### ഉപപാഠപുസ്തകം

ഉപപാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ക്ലാസ്സുകൾ ആഗസ്റ്റ് മാസം മുതൽ ആരംഭിക്കുന്നതാണ്.

## ഫാമിലി മരിയൻ ക്വിസ്

സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് ഓഗസ്റ്റ് 15 ഞായർവൈകിട്ട് 8 pm 9 pm താമരശ്ശേരി രൂപത വിശ്വാസപരിശീലനകേന്ദ്രം **ഫാമിലി മരിയൻക്വിസ്** സംഘടിപ്പിക്കുന്നു. *catechism thamarassery* എന്ന യൂട്യൂബ് ചാനലിൽ ചോദ്യങ്ങൾ നൽകുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## ആഗസ്റ്റ് മാസത്തിലെ പ്രോഗ്രാമുകൾ

01 ഞായർ – കൈത്താക്കാലം 4-ാം ഞായർ, **മതബോധനദിനം,** ഡയറക്ടറച്ചന്റെ സന്ദേശം (മതാധ്യാപകർ ഇടവകതലത്തിൽ ഒരുമിച്ചുകൂടി ഒരു മണിക്കൂർ ദിവ്യകാരുണ്യത്തെ ആരാധിക്കുന്നത് ഉചിതമാണ്), പതിനഞ്ചു നോമ്പാരംഭം.

04 ബുധൻ – വി. ജോൺ മരിയ വിയാനി, വൈദികദിനം (ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ക്ലാസിൽ നിന്നും ഒരു Greeting കാർഡ് വികാരി അച്ചനും കൊച്ചച്ചനും കൊടുത്ത് വിഷ് ചെയ്യുക, വൈദികർക്കുവേണ്ടി 10 നന്മ. ചൊല്ലുക).

06 വെള്ളി – നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം

08 ഞായർ – കൈത്താക്കാലം 5-ാം ഞായർ

11 ബുധൻ – വി. ക്ലാര

13 വെള്ളി – വി. ജോൺ ബർക്കുമാൻസ്

14 ശനി – വി. മാക്സ്മില്യൻ കോൾബേ

15 ഞായർ – കൈത്താക്കാലം 6-ാം ഞായർ പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപണം, സ്വാതന്ത്ര്യ ദിനം (കടമുള്ള ദിവസം), **ഇടവകാതല മരിയൻ ക്വിസ്**

19 വ്യാഴം – **Parents Retreat 9pm -9.30 pm**

20 വെള്ളി – **Parents Retreat 9pm -9.30 pm**

21 ശനി – **Parents Retreat 9pm -9.30 pm** തിരുവോണം

22 ഞായർ – കൈത്താക്കാലം 7-ാം ഞായർ

24 ചൊവ്വ – വി. ബർത്തലോമിയോ ശ്ലീഹാ

28 ശനി – വി. അഗസ്റ്റിൻ

29 ഞായർ – ഏലീയാ-ശ്ലീവാ മൂശ 1-ാം ഞായർ (വി. എവുപ്രാസ്യ)

**ഫാ. ചാക്കോ കോതാനിക്കൽ**
അസി. ഡയറക്ടർ

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

## ആഗസ്റ്റ്മാസ പ്രോഗ്രാം

1 – വി. അൽഫോൻസ് ലിഗോരി

4 – വി. ജോൺമരിയ വിയാനിയുടെ തിരുനാൾ – വൈദികദിനം, ഡയറക്ടേഴ്സിനെ ആദരിക്കുക.

8 – വി. ഡൊമിനിക്

11 – കുഞ്ഞേട്ടൻ ചരമവാർഷികം, അസാധാരണ സമ്മേളനം, പാതു ദിവ്യകാരുണ്യ സ്വീകരണം, പ്രസംഗ മത്സരം, വി. ക്ലാര

13 – വി. ജോൺ ബർക്കുമാൻസ്, അൾത്താര ബാലന്മാരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ

14 – വി. മാക്സിമില്യൻ കോൾബെ

15 – സ്വാതന്ത്ര്യദിനം, പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപത്തിരുനാൾ

18 – വി. ഹെലേന

20 – വി. ബർണ്ണാർഡ്

21 – രൂപത എക്സിക്യുട്ടീവ്, വി. പത്താം പിയൂസ്.

23 – ലീമായിലെ വി. റോസ്

24 – വി. ബർത്തലോമിയോ.

27 – വി. മോനിക്ക

28 – വി. അഗസ്റ്റിൻ, വി. എവുപ്രാസ്യാമ്മ

## *'വളരാൻ വളർത്താൻ'*

- പ്രയർസെൽ ചേർന്ന് ലഹരിക്ക് അടിമപ്പെട്ട യുവജനങ്ങൾക്ക് വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു
- വൈദികർക്ക് ആശംസാ കാർഡ് നിർമ്മിക്കുന്നു
- മേഖല തെരഞ്ഞെടുപ്പുകൾ നടത്തുക
- വിശുദ്ധരെ അറിയാം – വി. എവുപ്രാസ്യാമ്മ

## ഇടയൻമാർക്കായി

ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് മിഷൻ ലീഗ് എല്ലാ വർഷവും രൂപതയിലെ വൈദികരിൽ 2 പേരെ

വീതം എല്ലാ ശാഖകൾക്കും പ്രാർത്ഥിക്കുവാൻ നൽകുന്നുണ്ട്. ഈ വർഷവും അത് തുടരുന്നുണ്ട്. ഓരോ വർഷവും പേരുകൾ മാറ്റി നൽകുകയാണ് ചെയ്യുന്നത്. ഇപ്രാവശ്യം അതിന്റെ ലിസ്റ്റ് മിഷൻ ലീഗിന്റെ വാട്സ്ആപ്പ് ഗ്രൂപ്പിൽ ഓഗസ്റ്റ് ഒന്നിന് നൽകുന്നതായിരിക്കും. വൈദിക ദിനത്തിലും, ബഹുമാനപ്പെട്ട അച്ചൻമാരുടെ നാമഹേതുക തിരുനാൾ, ജന്മദിനം തുടങ്ങിയ ദിവസങ്ങളിലും ശാഖാ മിഷൻ ലീഗ് സമിതിയും കുട്ടികൾ വ്യക്തിപരമായും അവർക്ക് ആശംസകൾ നൽകുവാൻ ബഹു. ഡയറക്ടർ അച്ചനും ആനിമേറ്ററും മറ്റു ഭാരവാഹികളും നിർദ്ദേശം നൽകുമല്ലോ.

## സ്വാഗതം

ചെറുപുഷ്പ മിഷൻ ലീഗിന്റെ പുതിയ മേഖല ഡയറക്ടേഴ്സ് ആയി നിയമിതരായ ഫാ.മാത്യു തിട്ടയിൽ (മലപ്പുറം) ഫാ. തോമസ് കടപ്ലാക്കൽ (വിലങ്ങാട്) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

## നന്ദി

ചെറുപുഷ്പ മിഷൻ ലീഗ് മേഖലാ ഡയറക്ടേഴ്സായി സ്തുത്യർഹമായസേവനം ചെയ്ത ഫാ. ജിനോ ചുണ്ടയിൽ (മലപ്പുറം) ഫാ. ലിൻസ് മുണ്ടയ്ക്കൽ (വിലങ്ങാട് ) എന്നിവർക്ക് കൃതജ്ഞത രേഖപ്പെടുത്തുന്നു.

## അണിയണിയായ് ജൂബിലിയിലേയ്ക്ക്

## പ്രകീർത്തനം

കൗണ്ട്ഡൗൺ ആരംഭിക്കുന്ന ജൂലൈ 20 മുതൽ വചന വായനയ്ക്കും, നിയോഗ സമർപ്പണത്തിനും, ധ്യാന ചിന്തയ്ക്കുമായി സഹായിക്കുന്ന ഒരു പോസ്റ്റർ നല്കുന്നു.

## ജൂബിലികുടുക്ക

ഓരോ മിഷൻ ലീഗ് അംഗത്തിനും വ്യക്തിപരമായി ജീവകാരുണ്യ പ്രവർത്തനത്തിൽ പങ്കാളിയാകാനുള്ള ഒരു നീക്കിവെക്കൽ; ഒരു ചെറിയ തുക വീട്ടിൽ സ്ഥാപിച്ച കുടുക്കയിൽ സംഭരിച്ച് ശാഖയുടെ പൊതുസംരംഭമാക്കി ജീവകാരുണ്യ പ്രവർത്തനം ചെയ്യുക.

## ബൈബിൾ ആൽബം മത്സരം

## നിബന്ധനകൾ

1. സുവിശേഷങ്ങളിലെ പ്രമേയങ്ങൾ അടിസ്ഥാനമാക്കി ചിത്രങ്ങൾ, ഗാനങ്ങൾ, മറ്റ് കലാ സൃഷ്ടികൾ എന്നിവ 20 പേജിൽ കൂടാതെ വ്യക്തിപരമായി തയ്യാറാക്കാം.
2. രൂപതാ തല മത്സരം ആയതുകൊണ്ട് ആൽബങ്ങൾ രൂപതാ ഓഫീസിൽ എത്തിക്കുക.
3. മത്സരത്തിന്റെ അവസാന തീയതി ഒക്ടോബർ 3 ആണ്. കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ആൽബം എത്തിക്കാൻ അസൗകര്യങ്ങൾ ഉണ്ടെങ്കിൽ അറിയിക്കാവുന്നതാണ്.
4. സബ്ജൂനിയർ (5,7 ക്ലാസുകൾ), ജൂനിയർ ( 8,10 ), സീനിയർ (+1, +2 ) പ്രായ വിഭാഗങ്ങളിൽ ആയിരിക്കും മത്സരം.

### കൂരാച്ചുണ്ട് മേഖല – ജൂനിയർ ഭാരവാഹികൾ

പ്രസിഡന്റ് – ക്രിസ് തെങ്ങുംപള്ളി, കാറ്റുള്ളമല

വൈസ് പ്രസിഡന്റ് – അലീന പള്ളിതാഴേ, കൂരാച്ചുണ്ട്

സെക്രട്ടറി – നോയൽ മഞ്ഞക്കുന്നേൽ, കുളത്തുവയൽ

ജോയിന്റ് സെക്രട്ടറി – ദിൽന ഇടമണ്ണേൽ, നരിനട

### സീനിയർ മേഖല ഭാരവാഹികൾ

പ്രസിഡന്റ് – അമൽ നിരപ്പേൽ, കൂരാച്ചുണ്ട്

വൈസ് പ്രസിഡന്റ് – അൽഫോൻസ അറാക്കൽ,കുളത്തുവയൽ

സെക്രട്ടറി – ജോബി കടുകൻമാക്കൽ, കല്ലാനോട്

ജോയിന്റ് സെക്രട്ടറി – ജോയ്സി ഇടമന, നരിനട

### ഓർഗനൈസേഴ്സ്:

ലിനി തൈപ്പറമ്പിൽ, ചക്കിട്ടപാറ

അതുൽ കൊച്ചുപിലാക്കൽ, പാത്തിപ്പാറ

### മീഡിയ കമ്മിറ്റി മെമ്പേഴ്സ്:

സിതൾ കുഴിവേലിൽ, കല്ലാനോട്

അലന്റ കുബ്ലാനിക്കൽ, പെരുവണ്ണാമൂഴി

### പാറോപ്പടി മേഖലാ – ജൂനിയർ ഭാരവാഹികൾ

വൈസ് ഡയറക്ടർ – സി. ബീന FCC

പ്രസിഡന്റ് – സാൻജോ സൂരജ് കണ്ണങ്കര, പാറോപ്പടി

വൈസ് പ്രസിഡന്റ് – കാതറിൻ മരിയ കുറിച്ചിയാനിയിൽ, കുന്നമംഗലം

സെക്രട്ടറി – മെൽവിൻ ആരനോലിക്കൽ, കുണ്ടായിത്തോട്

ജോയിന്റ് സെക്രട്ടറി – ലൗറിൻ പെരുമാടൻ അമലാപുരി

### സീനിയർ ഭാരവാഹികൾ

പ്രസിഡന്റ് – ഷാജി കാനാട്ട്, ഈസ്റ്റ് ഹിൽ

വൈസ് പ്രസിഡന്റ് – വിൻസി മാത്യു പുതിയാപറമ്പിൽ, ദേവഗിരി

സെക്രട്ടറി – നവനീത് ഫിലിപ്പ് നെടുമ്പുറം, പാറോപ്പടി

ജോയിന്റ് സെക്രട്ടറി – ജോബിൻസ് താഴത്തെ മുറിയിൽ, ചേവായൂർ

ഓർഗനൈസർ – ജാൻസി ജോളി ചേന്നാട്ട്, പാറോപ്പടി

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

# തിരുബാലസഖ്യം

### അൽഫോൻസിയൻ ആക്ഷൻ സോങ് മത്സരം

ഒരു ക്രിസ്തീയ ഭക്തി ഗാനത്തിന്റെ ആക്ഷൻ സോങ് രണ്ടു മിനിറ്റിൽ കൂടുതൽ ദൈർഘ്യമില്ലാതെ video record ചെയ്ത് 8606203117 വാട്ട്സ്ആപ്പ് നമ്പറിൽ അയക്കുക. അവസാന തിയ്യതി ജൂലൈ 28.

### ആഗസ്റ്റ് മാസ പ്രോഗ്രാം

### പരി. അമ്മയ്ക്ക് പ്രതിഷ്ഠിതം

| | | |
|---|---|---|
| പരിചയപ്പെടുന്ന വിശുദ്ധർ | : | വി. ജോൺ മരിയ വിയാനി. |
| പ്രാർത്ഥനാ നിയോഗം | : | എല്ലാ ഇടവകാ വൈദികർക്കും വേണ്ടി. |
| സുകൃതജപം | : | "എന്റെ അമ്മേ എന്റെ ആശ്രയമേ" |
| വചനം | : | എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. (ലൂക്ക 1:46) |
| 1 ഞായർ | : | മർക്കോ. 7:1-13, 2 കോറി. 10:12-18 |
| 4 ബുധൻ | : | വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ. (ബഹു. വികാരിയച്ചന്മാർക്ക് ആശംസ നേരാം.) (കാർഡ്) |
| 6 വെള്ളി | : | കർത്താവിന്റെ രൂപാന്തരീകരണ തിരുനാൾ |
| 8 ഞായർ | : | വി. ഡൊമിനിക്കിന്റെ തിരുനാൾ ലൂക്കാ 16:19-31, 2 കോറി. 12:14-21 |
| 11 ബുധൻ | : | വി. ക്ലാരയുടെ തിരുനാൾ |
| 14 ശനി | : | വി. മാക്സിമില്യൻ കോൾബേയുടെ തിരുനാൾ |
| 15 ഞായർ | : | പരി. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ യോഹ. 2:1-12, റോമാ 16:17-27 |
| 22 ഞായർ | : | ലൂക്കാ 18:1-8, 1 തെസ. 2:14-20 |
| 23 തിങ്കൾ | : | ലീമായിലെ വി. റോസയുടെ തിരുനാൾ |
| 28 ശനി | : | വി. അഗസ്റ്റീനോസിന്റെ തിരുനാൾ |
| 29 ഞായർ | : | വി. എവുപ്രാസിയാമ്മയുടെ തിരുനാൾ ലൂക്കാ 18:35-43, 2 തെസ. 1:3-10 |
| പ്രവൃത്തി | : | മാതാവിന്റെ സ്തോത്രഗീതം ഗദ്യരൂപം. കാണാപാഠം പഠിക്കുക. ആശംസാകാർഡുകൾ ഫയലിൽ സൂക്ഷിക്കുക |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ ജൂലായ് മാസത്തെ ക്ലാസുകൾ നടന്നു. ജൂലൈ 10ന് ക്ലാസ് നയിച്ചത് സീറോ മലബാർ സഭയുടെ ആരാധനക്രമ കമ്മീഷൻ ചെയർമാനും കല്യാൺ രൂപതാധ്യക്ഷനുമായ മാർ തോമസ് ഇലവനാൽ പിതാവായിരുന്നു. 'വിശുദ്ധ കുർബാന: ബലി, സാന്നിധ്യം, ദൈവൈക്യം'എന്ന വിഷയമാണ് അദ്ദേഹം എടുത്തത്. ജൂലൈ 24 ന് ക്ലാസെടുത്തത് സിറോ മലബാർ ആരാധനക്രമ കമ്മീഷൻ അസി. സെക്രട്ടറിയായ ബഹു. ജേക്കബ് കിഴക്കേവീട്ടിൽ അച്ചനായിരുന്നു.

'മാർ തെയദോറിന്റെയും മാർ നെസ്‌റ്റോറിയസിന്റെയും അനാഫൊറ: ഒരു പഠനം' എന്ന വിഷയമാണ് അദ്ദേഹം എടുത്തത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ഈ ക്ലാസ്സിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്ന പോപ്പ് ജോൺ പോൾ സെക്കൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിലച്ചനും പി.എം.ഒ.സി ഡയറക്ടർ ബഹു. ഫിലിപ്പ് ചക്കുംമൂട്ടിലച്ചനും റിജോ കൂത്രപ്പള്ളി, ജോബിൻ പഴംപ്ലാക്കൽ എന്നിവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

## സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഈ ക്ലാസ്സിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 118 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ് നടത്തുന്നത്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# വിദ്യാഭ്യാസരംഗം

## എസ്.എസ്.എൽ.സി പരീക്ഷാഫലം 2020 – 2021

ഈ വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയിൽ കോർപ്പറേറ്റ് സ്കൂളുകൾ മികച്ച വിജയം നേടി. ആകെ പരീക്ഷ എഴുതിയ 2703 കുട്ടികളിൽ 2700 പേർ ഉപരിപഠനത്തിന് യോഗ്യത നേടി (99.88%). 3 കുട്ടികൾക്ക് മാത്രമാണ് യോഗ്യത നേടാൻ കഴിയാതെ വന്നത്. കോവിഡ് അനുബന്ധ പ്രശ്നങ്ങളാൽ പരീക്ഷ പൂർത്തീകരിക്കാൻ കഴിയാതെ വന്നവരാണ് ഈ കുട്ടികൾ എന്ന വസ്തുത കണക്കിലെടുത്താൽ, നമ്മുടെ സ്കൂളുകൾ സമ്പൂർണ്ണ വിജയത്തിന്റെ തിളക്കത്തിലാണെന്ന് അഭിമാനിക്കാം. 906 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ് കരസ്ഥമാക്കി. ഇത് ചരിത്രനേട്ടമാണ്. 17 സ്കൂളുകൾ മുഴുവൻ കുട്ടികളെയും ജയിപ്പിച്ച് സമ്പൂർണ്ണ വിജയം നേടി. തിളക്കമാർന്ന വിജയത്തിനു പിന്നിൽ പ്രവർത്തിച്ച പഠിതാക്കളെയും അധ്യാപകരെയും അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് അഭിനന്ദിച്ചു. അഭിമാനകരമായ വിജയത്തിനായി അധ്വാനിച്ച മുഴുവൻ വിദ്യാർത്ഥികളെയും അധ്യാപകരെയും അവർക്ക് മികച്ച പിന്തുണ നൽകിയ ലോക്കൽ മാനേജർമാർ, രക്ഷിതാക്കൾ എന്നിവരെയും ഹൃദയപൂർവ്വം അനുമോദിക്കുകയും നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

| Sl. No. | Name of School | Students Appeared | Students Passed | No.of NHS | Full A+ | % of pass |
|---|---|---|---|---|---|---|
| 1 | St. Joseph's HS Chempanoda | 130 | 129 | 1 | 47 | 99% |
| 2 | St. Mary's HS Kakkadampoil | 31 | 31 | | 6 | 100% |
| 3 | St. Mary's HS Kallanode | 118 | 118 | | 46 | 100% |
| 4 | St. Antony's HS Kannoth | 164 | 164 | | 61 | 100% |
| 5 | Holy Family HS Kattippara | 205 | 205 | | 39 | 100% |
| 6 | St. Joseph's HS Kodanchery | 199 | 199 | | 97 | 100% |
| 7 | St. Sebastian's HS Koodaranhi | 230 | 230 | | 78 | 100% |
| 8 | St. Thomas HS Koorachundu | 190 | 190 | | 71 | 100% |
| 9 | St. George's HS Kulathuvayal | 168 | 168 | | 62 | 100% |
| 10 | PTCM HS Kunduthode | 83 | 83 | | 25 | 100% |
| 11 | Marygiri HS Maramchtty | 30 | 30 | | 7 | 100% |
| 12 | St. Mary's HS Maruthonkara | 106 | 106 | | 29 | 100% |
| 13 | St. John's HS Nellipoyil | 92 | 91 | 1 | 34 | 98.90% |
| 14 | Holy Family HS Padathukadave | 73 | 73 | | 19 | 100% |

| | | | | | | |
|---|---|---|---|---|---|---|
| 15 | St. Sebastian's HS Punnackal | 50 | 50 | | 9 | 100% |
| 16 | St. Joseph's HS Pullurampara | 209 | 209 | | 85 | 100% |
| 17 | Sacred Heart HS Thiruvambady | 285 | 285 | | 75 | 100% |
| 18 | Holy Family HS Venappara | 136 | 136 | | 40 | 100% |
| 19 | St. George's HS Vilangad | 86 | 85 | 1 | 35 | 98.80% |
| 20 | St. Thomas HS Thottumukkam | 118 | 118 | | 41 | 100% |
| | **TOTAL** | **2703** | **2700** | **3** | **906** | **99.88%** |
| | **TOTAL APPEARED** | **2703** | | | | |
| | **TOTAL PASSED** | **2700** | | | | |
| | **FAILED** | **3** | | | | |
| | **FULL A+** | **906** | | | | |
| | **CORPORATE LEVEL PERCENTAGE** | **99.88** | | | | |
| | **PERCENTAGE OF FULL A +** | **33.5** | | | | |

**ഫാ. ജോസഫ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## MTC Course 2021–22 പുതിയഅദ്ധ്യയനംആരംഭിച്ചു

സ്റ്റാർട്ടിന്റെ പരിശീലന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ട കോഴ്സായ പ്ലസ്ടുകഴിഞ്ഞ കുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ചുവരുന്ന ഏകവൽസര പരിശീലനകോഴ്സ എല്ലാവർഷവും നമ്മൾ ആരംഭിക്കുന്ന ജൂൺ 15 ന് തന്നെ ആരംഭിച്ചു. ഈ വർഷം ആരംഭത്തിൽതന്നെ താമസിച്ചുള്ള പരിശീലനം പുനരാരംഭിക്കാം എന്ന് കരുതിയെങ്കിലും കോവിഡ് 19 ന്റെ രണ്ടാംതരംഗംനമ്മുടെപ്രതീക്ഷകളെ മാറ്റിമറിക്കുകയും കഴിഞ്ഞ വർഷത്തെപ്പോലെത്തന്നെ ഓൺലൈനായി നടത്താൻ നമ്മൾ നിർബന്ധിതരാകുകയും, ചെയ്തു. എങ്കിലും ഈ വർഷാവസാനത്തോടെ താമസിച്ചുള്ള പരിശീലനപരിപാടിയായി നടത്താൻ സാധിക്കും എന്ന് വിശ്വസിക്കുന്നു.

പ്ലസ്ടു റിസൾട്ട് പൂർത്തിയാകാത്തതിനാൽ അഡ്മിഷൻ തുടരുന്നു. പുതിയബാച്ചിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ സ്റ്റാർട്ടിന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: 8590468035 (WhatsApp), 0495 2357843. e-mail: startindia@gmail.com

### പുതിയ PSC പരിശീലനകോഴ്സ് SPARK

ഈ വർഷം ഡിഗ്രി, പിജി പഠിക്കുന്നവരും പഠിച്ചുകഴിഞ്ഞവരുമായ യുവജനങ്ങ ൾക്കുവേണ്ടി PSC, UPSC, മറ്റ് ഉന്നത മത്സരപരീക്ഷകൾ എന്നിവ നന്നായി ഒരുങ്ങുന്നതിനായി മെയ് 15 ന് ആരംഭിച്ച നാലു മാസം ദീർഘിക്കുന്ന ഓൺലൈൻ പഠനപരിശീലന പരിപാടി രണ്ടുമാസം പിന്നിട്ട് മുൻപോട്ട്പോകുന്നു. ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ്, അടിസ്ഥാനഗണിതം, പൊതുവിജ്ഞാനം തുടങ്ങിയ വിഷയങ്ങൾ ഈ കോഴ്സിൽ ഉ ൾപ്പെടുത്തിയിട്ടുണ്ട്.

### അഡ്വാൻസ്ഡ്ലെവൽ സ്റ്റാർലൈറ്റ് ഇലേർണിംഗ് പ്രോഗ്രാം

സ്റ്റാർട്ടും ക്രിസ്റ്റീനും സംയുക്തമായി അഞ്ചാം ക്ലാസ്സുമുതലുള്ള കുട്ടികൾക്കുവേണ്ടി ഏപ്രിൽ 10 ന് ആരംഭിച്ച കോഴ്സിന്റെ അഡ്വാൻസ്ഡ് ലെവൽ കോഴ്സ് ജൂലൈ 20 മുതൽ ആരംഭിച്ചു. ഇംഗ്ലീഷ് ഗ്രാമറും ലോജിക്കൽ റീസണിംഗും ആണ് ഈ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മെയ് 10 ന് ആരംഭിച്ച ബാച്ചിന്റെ തുടർ പരിശീലനം ഓഗസ്റ്റ് 20 ന് ആരംഭിക്കും. കുട്ടികൾക്കുവേണ്ടി വിവിധബാച്ചുകളായിതിരിച്ചാണ് ഈ കോഴ്സ് നടത്തപ്പെടുന്നത്. പങ്കെടുക്കുന്ന കുട്ടികളെല്ലാം വളരെ താല്പര്യത്തോടെ പഠിക്കുന്നു എന്നുള്ളത് സന്തോഷം നൽകുന്ന കാര്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് സ്റ്റാർട്ട് ഓഫീസുമായിബന്ധപ്പെടുക. Phone No. 8590468035, 0495 2357843. E-mail: startindia@gmail.com

**ഫാ. ആന്റണി കാരികുന്നേൽ ഡയറക്ടർ**

**മോൺ. ആൻറണി കൊഴുവനാൽ അസി. ഡയറക്ടർ, സ്റ്റാർട്ട്**

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിനും കൗൺസിലിങ് രംഗത്തേക്ക് പുതുതലമുറയെ വാർത്തെടുക്കുന്നതിനുമായി കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി ആരംഭിച്ച പോപ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയുടെ പുതിയ ബിൽഡിംങ് 2021 ജൂലൈ 10 നു ഉച്ചകഴിഞ്ഞു 3 മണിക്കു അഭിവന്ദ്യ റെമീജിയോസ് പിതാവ് വെഞ്ചരിച്ചു. കരുണാഭവനു സമീപമുള്ള പുതിയ കെട്ടിടത്തിൽ കൗൺസിലിങ്ങും ഓൺലൈൻ ക്ലാസുകളും ആരംഭിച്ചു.

### ഓൺലൈൻ ക്ലാസുകൾ

എം എസ് സി കൗൺസിലിംഗ് സൈക്കോളജി, ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് മലയാളം ആൻഡ് ഇംഗ്ലീഷ്, സിസ്റ്റേഴ്സിനു മാത്രമേയുള്ള ഡിപ്ലോമ കോഴ്സ് എന്നീ ക്ലാസ്സുകൾ നടത്തപ്പെടുന്നു.

### എം എസ് സി

ഫസ്റ്റ് ബാച്ച് എം എസ് സി യുടെ പരീക്ഷകൾ പൂർത്തിയായി യൂണിവേഴ്സിറ്റി റിസൾട്ട് പ്രതീക്ഷിച്ചിരിക്കുന്നു.

### അഡ്മിഷൻ തുടരുന്നു

1. എം എസ് സി കൗൺസിലിംഗ് സൈക്കോളജി
2. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് മലയാളം
3. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് ഇംഗ്ലീഷ്
4. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് സൈക്കോളജി

### കൗൺസിലിംഗ്

ഓൺലൈൻ കൗൺസിലിംഗ് നടത്തപ്പെടുന്നു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## ആൽഫ മരിയ അക്കാദമി

1. നഴ്സിങ് ഓഫീസർ (ഡി.എം.ഇ), നഴ്സിംഗ് ട്യൂട്ടർ എന്ന തസ്തികകളിലേക്ക് പി.എസ്.സി നടത്തുന്ന പരീക്ഷകൾക്ക് ഒരുക്കമായുള്ള പരിശീലനം ആൽഫ അക്കാദമിയിൽ ആരംഭിച്ചിരുന്നു.
2. 2021-2022 അധ്യായന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു ട്യൂഷൻ ക്ലാസുകൾ ആരംഭിച്ചിരിക്കുന്നു.
3. അധ്യാപക യോഗ്യതാ പരീക്ഷയായ K-TET പരീക്ഷക്കു ഒരുക്കമായുള്ള പരിശീലനം ആഗസ്റ്റ് മാസം ഒന്നാം തീയതി മുതൽ ആരംഭിക്കുന്നു.
4. ഈ വർഷം നടക്കുന്ന 10th & +2 Level main Exams: LGS, LDS, Police, Excise, Fire Force, Forest officer etc ഇവയെല്ലാം നേരിടാനുള്ള പരിശീലനവും അടുത്ത വർഷം നടക്കുവാൻ പോകുന്ന 10th & +2 Level Prelimini Exams എന്നിവയ്ക്കുള്ള തീവ്രപരിശീലനം ആൽഫ അക്കാദമിയിൽ ആരംഭിച്ചിരിക്കുന്നു.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.







# അൽഫോൻസ കോളേജ് തിരുവമ്പാടി

## വെബിനാർ നടത്തി

വായനാദിനവുമായി ബന്ധപ്പെട്ട് ജൂൺ 25ാം തിയതി അൽഫോൻസ കോളേജ ിലെ പി ജി ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് 'Reading : Past, Present & Future' എന്ന വിഷയത്തെകുറിച്ച് വെബിനാർ സംഘടിപ്പിച്ചു. മുഖ്യാതിഥിയായി എത്തിയ ശ്രീ. യേശുദാസ് സി. ജോസഫ് ആയിരുന്നു റിസോഴ്സ് പേഴ്സൺ. വെബിനാർ ഉദ്ഘാടനം നടത്തിയ കോളേജ് പ്രിൻസിപ്പൽ ഡോ. കെ.വി ചാക്കോ, അന്യം നിന്നുപോകുന്ന വായനാശീലത്തെക്കുറിച്ച് സൂചിപ്പിക്കുകയും കൂടുതൽ വായിക്കാൻ പ്രചോദനം നൽകുകയും ചെയ്തു. ഇംഗ്ലീഷ് വകുപ്പ് മേധാവി ശ്രീ. സെബാസ്റ്റ്യൻ ചെറിയാൻ, പ്രോഗ്രാംകോഡിനേറ്റർ ശ്രീ. ബർണാഡ് ജോസ്. അനഘ സുധീർ ടി. ടി, ശ്രീമതി സൂര്യ ഗായത്രി എന്നിവർ പ്രസംഗിച്ചു.

## ജി.എസ്.ടി റിട്ടേൺ

അൽഫോൻസ കോളേജ് കൊമേഴ്സ് വിഭാഗവും ജി ടെക് കമ്പ്യൂട്ടർ സെന്ററും ചേർന്ന് കോളേജിലെ വിദ്യാർത്ഥികൾക്കായി 'ജി എസ് റ്റി റിട്ടേൺ ഫയലിംഗ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കോളേജ് വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിൻ വെബിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ. യൂനസ് സലിം വിഷയാവതരണം നടത്തി. കൊമേഴ്സ് വിഭാഗംമേധാവി ശ്രീമതി സാനമ്മ പി.വി, ആൻ മരിയ ജോസഫ്, ജോസഫ് തോമസ്, ജസ്റ്റിൻ തോമസ്, അമലു ജോസഫ്, ലിനറ്റ് സിബി തുടങ്ങിയവർ പ്രസംഗിച്ചു. 110 വിദ്യാർത്ഥികൾ സംബന്ധിച്ചു.

## പഠന പരിപോഷണ പദ്ധതി

2021-22 അക്കാഡമിക് വർഷത്തിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി കോമേഴ്സ്, ഡിപ്പാർട്ട്മെന്റ് 'വിദ്യാർത്ഥി പഠന പരിപോഷണ പദ്ധതി' ആരംഭിച്ചു. പ്രസ്തുത പദ്ധതി പ്രകാരം വിദ്യാർത്ഥികളെ വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 'Slow Learners', 'Advanced Learners' എന്നിങ്ങനെ കണ്ടെത്തി 'Advanced Learners' ന് തുടർപഠനത്തിന് ആവശ്യമായ നിർദ്ദേശങ്ങളും, പഠന പരമ്പരകളും നടത്തും 'Slow Learners' ന് പഠന നിവാരം ഉയർത്തുന്നതിനാവശ്യമായ പാഠ്യ പദ്ധതികളും ടീച്ചേഴ്സിന്റെ സഹായവും പ്രസ്തുത പദ്ധതി ഉറപ്പു നൽകുന്നു.

## സാമൂഹിക മാധ്യമ ഇടപെടൽ

ഇൻസ്റ്റഗ്രാം, ഫെയ്സ് ബുക്ക്, വാട്സ്ആപ്പ്, ടെലഗ്രാം തുടങ്ങിയ സാമൂഹിക മാധ്യമങ്ങളിലൂടെ കൊമേഴ്സ്, ഇംഗ്ലിഷ്, സൈക്കോളജി വിഭാഗങ്ങൾ ഓരോ ദിവസത്തെയും പ്രാധാന്യം വ്യക്തമാക്കുന്ന പോസ്റ്ററുകൾ, വീഡിയോകൾ, വാർത്തകൾ തുടങ്ങിയവ പൊതുജനങ്ങളിലേക്കും ഡിപ്പാർട്ട്മെന്റിലെ കുട്ടികളിലേക്കും എത്തിക്കുന്നു.

## ഡിബേറ്റ് സംഘടിപ്പിച്ചു.

ഡിബേറ്റ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ' ജൂൺ 24ന് സ്ത്രീധന മരണങ്ങൾ സ്റ്റാറ്റസ് മാത്രമായി ഒതുങ്ങി പോകുന്നോ എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ചർച്ച നടത്തി. ഡിബേറ്റ് ക്ലബ് സ്റ്റുഡന്റ് കോഡിനേറ്റർ അർജുൻ ജെയിൻ എല്ലാവരെയും സ്വാഗതം ചെയ്തു. ഡിബേറ്റ് ക്ലബ് കൺവീനർ ദീപ ഡൊമിനിക്, കോർഡിനേറ്റർ അമ്പിളി കെ, ശ്രി. ബെർണാഡ് ജോസ് എന്നിവർ വിഷയവുമായി ബന്ധപ്പെട്ട് തങ്ങളുടെ അഭിപ്രായം പങ്കുവെച്ചുകൊണ്ട് ചർച്ച ആരംഭിച്ചു. വിവിധ ഡിപ്പാർട്മെന്റുകളിൽ നിന്നുള്ള ഡിബേറ്റ് ക്ലബ് അംഗങ്ങൾ ആനുകാലിക പ്രസക്തമായ ഈ വിഷയത്തിൽ തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തി കൊണ്ട് സജീവമായി പങ്കുചേർന്നു. 1961 ലെ സ്ത്രീധന നിരോധന നിയമം, ഇതുമായി ബന്ധപ്പെട്ട സാമൂഹിക വ്യവസ്ഥിതികൾ, സ്ത്രീകളുടെയും, പെൺകുട്ടികളുടെയും സുരക്ഷ, അവകാശങ്ങൾ എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു. ഡിബേറ്റ് ക്ലബ് കൺവീനർ ദീപ ഡൊമിനിക്ക് വിഷയം ക്രോഡീകരിച്ചു സംസാരിച്ചു. സ്റ്റുഡന്റ് കോർഡിനേറ്റർമാരായ ഡെൽന ജോസഫ് കിരൺ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

## ക്ലാസ്തല പി ടി എ മീറ്റിംഗ്

അൽഫോൻസ കോളേജിൽ ബി. എ, ബി. എസ്. സി, ബികോം, ബിബിഎ എന്നീ കോഴ്സുകളുടെ രണ്ടും അഞ്ചും സെമസ്റ്ററുകളുടെ ക്ലാസ്തല പിടിഎ മീറ്റിങ്ങുകൾ ഗൂഗിൾ മീറ്റിലൂടെ നടന്നു. കോളേജ് പ്രിൻസിപ്പലും പിടിഎ പ്രസിഡന്റുമായ ഡോ. കെ വി ചാക്കോ മീറ്റിങ്ങുകളിൽ അധ്യക്ഷത വഹിച്ചു. പിടിഎ വൈസ് പ്രസിഡന്റ് അഡ്വക്കേറ്റ് സുരേഷ് ബാബു, കോളേജ് വൈസ് പ്രിൻസിപ്പൽ ഫാ. ഷെനിഷ് അഗസ്റ്റിൻ, വിവിധ ഡിപ്പാർട്ട്മെന്റ് മേധാവികൾ, അധ്യാപകർ, പി ടി എ സെക്രട്ടറി ദീപ ഡൊമിനിക്, മാതാപിതാക്കൾ, വിദ്യാർഥികൾ തുടങ്ങിയവർ യോഗങ്ങളിൽ സംബന്ധിച്ചു. മുൻ സെമസ്റ്ററുകളിലെ പഠനനിലവാരവും പാഠ്യേതര പ്രവർത്തനങ്ങളും യോഗത്തിൽ വിലയിരുത്തി. രണ്ടും അഞ്ചും സെമസ്റ്ററുകളിലെ കോഴ്സുകളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും മാതാപിതാക്കൾക്ക് വിശദീകണം നൽകി . ഓൺലൈൻ വിദ്യാഭ്യാസകാലത്ത് മാതാപിതാക്കൾ അനുഭവിക്കുന്ന പ്രതിസന്ധികളെക്കുറിച്ചും യോഗങ്ങളിൽ ചർച്ച നടന്നു.

## സൈ-ക്വിസോര

അൽഫോൻസ കോളേജ് സൈക്കോളജി വിഭാഗത്തിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും മനഃശാസ്ത്ര ആശയങ്ങൾ ഗ്രഹിക്കുന്നതിനുമായി സൈ-ക്വിസോര എന്ന പേരിൽ ഒരു ക്വിസ് പരമ്പര ആരംഭിച്ചു. സിലബസ് അടിസ്ഥാനത്തിൽ നടക്കുന്ന റെഗുലർ ക്ലാസ്സുകളെ അധികരിച്ച് ചോദ്യങ്ങൾ തയ്യാറാക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് അവരുടെ എല്ലാ മാസത്തെയും പഠനം കൂടുതൽ എളുപ്പമാവുകയും ചെയ്യുന്നു. 2021 ജൂൺ 25 ന് ആരംഭിച്ച ഈ ക്വിസ് പരമ്പര എല്ലാ മാസവും നാലാം ശനിയാഴ്ചകളിലാണ് സംഘടിപ്പിക്കുന്നത്. സൈക്കോളജി വിഭാഗത്തിൽ നിന്നും രണ്ട് അഞ്ച് സെമസ്റ്ററുകളിലെ 42 വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുക്കുകയും മികച്ച

സ്കോർ നേടുകയും ചെയ്തു. ആദ്യ മത്സരത്തിൽ അഞ്ചാം സെമസ്റ്ററിലെ ഒന്നാം സ്ഥാനം അബിന ഇ പി യും രണ്ടാം സെമസ്റ്ററിലെ ഒന്നാം സ്ഥാനം അവന്യ ഒ. ജോസഫും നേടി.

**ഇലക്ട്ര സൈക്കോളജി അസോസിയേഷൻ**

ജൂലൈ 16-ാം തിയ്യതി കോളേജിലെ സൈക്കോളജി അസോസിയേഷനായ 'ഇലക്ട്ര'യുടെ നേതൃത്വത്തിൽ , 'അക്കാഡമിക് കോൺഫെറൻസുകളിൽ റിസർച്ച് പേപ്പറുകൾ മികച്ച രീതിയിൽ എങ്ങനെ അവതരിപ്പിക്കാം'എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. അൽഫോൻസ കോളേജിൽ 2017-20 ബാച്ചിലെ വിദ്യാർത്ഥിനിയായി പഠിക്കുകയും ഇപ്പോൾ ജാമിയ മിലിയ ഇസ്ലാമിയ യൂണിവേഴ്സിറ്റിയിൽ ഉരിപഠനം നടത്തുകയും ചെയ്യുന്ന അഫ്നിദ കെ ക്ലാസ്സ് എടുത്തു. ഒന്നാം വർഷ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന ഈ സെമിനാറിൽ മേഘ്ന സ്വാഗതം ആശംസിച്ചു. സൈക്കോളജി അസോസിയേഷൻ ഒന്നാം വർഷ വിദ്യാർത്ഥികളുടെ പ്രതിനിധി ലിയ മരിയ ആശംസകൾ അർപ്പിച്ചു. അജന്യ എം എം നന്ദി പ്രകാശിപ്പിച്ചു.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# മാതൃവേദി

**എൻലൈറ്റൺ**

താമരശ്ശേരി രൂപത കത്തോലിക്കാ കോൺഗ്രസിന്റെയും മാതൃവേദിയുടെയും കെസിവൈഎം ന്റെയും സംയുക്ത ആഭിമുഖ്യത്തിൽ രൂപതയിലെ യുവജനങ്ങൾക്കും മാതാപിതാക്കൾക്കുമായി സമുദായ ശക്തീകരണ സെമിനാർ എൻലൈറ്റൺ സംഘടിപ്പിച്ചു . രണ്ട് ഘട്ടങ്ങളിലായി നടത്തിയ സെമിനാറിൽ രൂപതയിലെ മുഴുവൻ ഫൊറോനകളിലെയും അംഗങ്ങൾ പങ്കെടുത്തു. കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ഡോ. ചാക്കോ കാളാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജാഗ്രത പുലർത്തേണ്ട കത്തോലിക്കാ സമുദായം എന്ന വിഷയത്തിൽ ഫാ. ജോർജ് വെള്ളക്കാകുടിയിലും വിവിധ സ്കോളർഷിപ്പുകൾ EWS, ന്യൂനപക്ഷ അവകാശങ്ങൾ എന്നിവയെക്കുറിച്ച് ഫാ. സബിൻ തൂമുള്ളിയിലും വിഷയാവതരണം നടത്തി. മാതൃവേദി രൂപത ഡയറക്ടർ ഫാ. പ്രിയേഷ് തേവടിയിൽ, പ്രസിഡന്റ് ദീപ റെജി, കെസിവൈഎം പ്രസിഡന്റ് വിശാഖ് തോമസ്, വൈസ് പ്രസിഡന്റ് സിമി തേവടിയിൽ, കത്തോലിക്കാ കോൺഗ്രസ് സെക്രട്ടറി അനീഷ് വടക്കേൽ, ട്രീസ സെബാസ്റ്റ്യൻ എന്നിവർ യോഗത്തിൽ സംസാരിച്ചു.

### ജെ. ബി. കോശി കമ്മീഷൻ നിവേദന ബോധവൽക്കരണ സെമിനാർ

എല്ലാ യൂണിറ്റ്, മേഖല പ്രസിഡൻ്റുമാർക്കും, ആനിമേറ്റർമാർക്കുമായി ജെ ബി കോശി കമ്മീഷണർ നിവേദനം നൽകേണ്ടത് ആവശ്യകതയെക്കുറിച്ച് സെമിനാർ 05.07.21 ന് നടത്തി.

J. B Koshy കമ്മീഷന് വിദ്യാഭ്യാസം എന്ന മേഖലയിൽ ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച കുറഞ്ഞത് 5 നിവേദനങ്ങൾ യൂണിറ്റ്, മേഖല തലങ്ങളിൽ സമർപ്പിക്കാനുള്ള കൃത്യമായ നിർദ്ദേശം നൽകി.

### ആദരാഞ്ജലികൾ

ഭരണകൂട ഭീകരതയുടെ ഇരയായി കസ്റ്റഡിയിൽ മരിച്ച ഫാ. സ്റ്റാൻ സ്വാമിക്ക് രൂപത സമിതി ആദരാഞ്ജലികൾ അർപ്പിച്ചു.

### പ്രതിഷേധ ക്യാംപെയ്ൻ

ഭ്രൂണഹത്യയെ അംഗീകരിച്ചുകൊണ്ട് സ്ത്രീശാക്തീകരണത്തിന് വേണ്ടി വാദിച്ച സാറാസ് സിനിമയുടെ കപടത സമൂഹ മനഃസാക്ഷിയെ കബളിപ്പിക്കുന്നത് ആണെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. ഇത്തരം സിനിമകൾ ജീവൻ്റെ വിലയെക്കുറിച്ചും ധാർമിക ബോധത്തെക്കുറിച്ചും തെറ്റായ നിലപാടുകൾ ആണ് യുവജനതയ്ക്ക് നൽകുന്നതെന്ന് തിരിച്ചറിയണം.

### ഐക്യദാർഢ്യ പ്രഖ്യാപനം

ഡൽഹിയിലെ അന്ധേരിയം ലിറ്റിൽ ഫ്ളവർ കത്തോലിക്കാ പള്ളിപൊളിച്ച ഗവൺമെൻ്റ് അധികൃതരുടെ നടപടിയെ മാതൃവേദി അപലപിക്കുന്നു. ലിറ്റിൽ ഫ്ളവർ കത്തോലിക്കാ പള്ളിയിലെ ഇടവക ജനത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചു.

### സിക്ക വൈറസ് അറിയേണ്ടതെല്ലാം

അന്തർദേശീയ സീറോ മലബാർ മാതൃവേദി ദീപികയുമായി ചേർന്ന് 14.07.21 ന് സംഘടിപ്പിച്ച ബോധവൽക്കരണ വെബിനാറിൽ അമ്മമാർ പങ്കെടുത്തു. Dr. Prameela Menon ക്ലാസ്സ് നയിച്ചു.

### ആയുർവ്വേദവും ആരോഗ്യ ശീലങ്ങളും

രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ആരോ ആയുർ വേദവും ആരോഗ്യശീലങ്ങളും എന്ന വെബിനാർ കുന്നമംഗലം ഇടവകാംഗവും പുതുപ്പാടി ഗവ. ആയുർവേദ ആശുപത്രിയിലെ മെഡിക്കൽ ഓഫീസറുമായ ഡോ. സീമ സെബാസ്റ്റ്യൻ നയിച്ചു.

### വി യൗസേപ്പ് പിതാവ് – ലേഖന രചനാ മത്സരം

അന്തർദേശീയ സീറോ മലബാർ മാതൃവേദി സംഘടിപ്പിക്കുന്ന ലേഖന രചനാ മത്സരത്തിൻ്റെ യൂണിറ്റ്, മേഖലാ മത്സരങ്ങൾ നടന്നുവരുന്നു.

### ആശംസകൾ

ജൂലൈ 3ന് നാമഹേതുക തിരുനാൾ ആഘോഷിച്ച രൂപത ഡയറക്ടർ ഫാദർ പ്രിയേഷ് അച്ചനും അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിജോ അച്ചനും മാതൃവേദി പ്രവർത്തകർ ആശംസകൾ അറിയിച്ചു.

### എക്സിക്യൂട്ടീവ് മീറ്റിംഗ്

ജൂലൈ മാസത്തിൽ ഗൂഗിൾ മീറ്റ് വഴി 2 രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. ജെബി കോശി കമ്മീഷന് നിവേദനങ്ങൾ അയക്കേണ്ടതിനെക്കുറിച്ചും തുടർ പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.

### ജൈവ പച്ചക്കറി കൃഷി വെബിനാർ

ഓഗസ്റ്റ് മാസത്തിലെ പ്രധാന പ്രവർത്തനമായ കാർഷിക അവബോധത്തോടുബന്ധിച്ച് വെബിനാർ സംഘടിപ്പിക്കുന്നു.

### ഗമാലിയേൽ ഗ്രാൻഡ് പാരൻസ് മീറ്റ്

മാതൃവേദിയുടെ നേതൃത്വത്തിൽ ഗമാലിയേൽ ഗ്രാൻഡ് പാരൻസ് മീറ്റ് എന്ന പ്രോഗ്രാം ഗൂഗിൾ മീറ്റ് വഴി 2021 ജൂലൈ 24 ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 4 വരെ നടത്തി. ബഹു. ഫാ. തോമസ് പുതിയാപറമ്പിൽ സെമിനാർ നയിച്ചു.

### നന്ദി

മാതൃവേദി വിലങ്ങാട് മേഖലയുടെ ഡയറക്ടറായി സേവനം ചെയ്ത ബഹു. ലിൻസ് മുണ്ടക്കൽ അച്ചന് നന്ദി അർപ്പിക്കുന്നു.

### സ്വാഗതം

മാതൃവേദി വിലങ്ങാട് മേഖലയുടെ പുതിയ ഡയറക്ടറായി ചുമതലയേൽക്കുന്ന ബഹു. ജെർലിൻ കടപ്ലാക്കലച്ചന് ഹൃദ്യമായ സ്വാഗതം.

### വിശുദ്ധ അൽഫോൻസാമ്മയുടെ നോവേന

ജൂലൈ 20 മുതൽ മുതൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നൊവേന പ്രാർത്ഥന വാട്സാപ്പിൽ നൽകി.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മാതൃവേദി

# ആദരാഞ്ജലികൾ



## സി. സിൽവസ്റ്റർ സി.എം.സി

താമരശ്ശേരി സെന്റ് മേരീസ് പ്രോവിൻസിന്റെ ചരിത്രത്തിൽ സ്നേഹത്തിന്റെയും അദ്ധ്വാനത്തിന്റെയും പ്രാർത്ഥനയുടെയും ഓർമ്മകൾ സമ്മാനിച്ചുകൊണ്ട് സിൽവസ്റ്ററമ്മ നിത്യതയിലേയ്ക്കു യാത്രയായി. 1937 മാർച്ച് 24 ന് മാണി, അന്നമ്മ ദമ്പതികളുടെ 12 മക്കളിൽ മൂത്തമകളായി തലശ്ശേരി അതിരൂപതയിലെ ചെമ്പൻതൊട്ടി ഇടവകയിൽ തുരുത്തിമറ്റം കുടുംബത്തിൽ ജനിച്ചു. മാമ്മോദീസായിൽ ത്രേസ്യാമ്മ എന്ന നാമം സ്വീകരിച്ചുവെങ്കിലും തെയ്യാമ്മ എന്ന പേരിലാണ് വിളിക്കപ്പെട്ടിരുന്നത്. എരുമേലി സെന്റ് തോമസ് ഹൈസ്കൂളിൽ നിന്ന് എൽ.പി., യു.പി., ഹൈസ്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കിയ തെയ്യാമ്മ, 1956 ൽ പാലായിലെ മുണ്ടാങ്കൽ മഠത്തിൽചേർന്ന് ആസ്പിരൻസിയും പോസ്റ്റുലൻസിയും പൂർത്തിയാക്കി. 1957 ൽ കരൂർ നൊവിഷ്യേറ്റ് മഠത്തിൽ നൊവിഷ്യേറ്റ് പൂർത്തിയാക്കി 1958 മെയ് 28 ന് ആദ്യവ്രതം സ്വീകരിച്ചു. ഏറെ തീക്ഷ്ണതയോടെയും ചൈതന്യത്തോടെയും സന്യാസജീവിതത്തിനു തുടക്കംകുറിച്ച സി. സിൽവസ്റ്റർ 1958 മെയ് 28 ന് തിരുവമ്പാടി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നിത്യവ്രതവാഗ്ദാനം നടത്തി. തുടർന്ന് തൃശൂർ രാമവർമ്മ കോളേജിൽ ചേർന്ന് ഹിന്ദി വിദ്വാനിൽ പഠനം ആരംഭിച്ചു. 23-ാം വയസ്സിൽ അധ്യാപനം ആരംഭിച്ച സിസ്റ്റർ തിരുവമ്പാടി, കീഴ്പ്പള്ളി, കൂടരഞ്ഞി, എടൂർ, അങ്ങാടിക്കടവ് എന്നീ സ്കൂളുകളിൽ സേവനം ചെയ്തു. 1992 ൽ ഔദ്യോഗിക ജോലിയിൽനിന്നു വിരമിച്ചശേഷം കൂടരഞ്ഞി, പുഷ്പഗിരി, കൽക്കുണ്ട്, കീഴ്പ്പള്ളി, എടൂർ, അങ്ങാടിക്കടവ്, താമരശ്ശേരി എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചു. തിരുവമ്പാടി, തേക്കുംകുറ്റി, മുക്കം ഭവനങ്ങളിൽ സുപ്പീരിയറായും ശുശ്രൂഷ ചെയ്തു.

ഏല്പ്പിച്ച ജോലിയോടുള്ള വിശ്വസ്തത, കുട്ടികളോടും പാവങ്ങളോടുമുള്ള സ്നേഹം, തിരുസഭയോടുള്ള പ്രതിബദ്ധത ഇവ അമ്മയുടെ പ്രത്യേകതകളായിരുന്നു. ദൈവജനത്തിന്റെ ആവശ്യങ്ങളോടും വേദനകളോടും ചേർന്നുനിന്ന സിൽവസ്റ്ററമ്മ എല്ലാവരെയും മാതൃഹൃദയത്തോടെ ശ്രവിക്കുകയും സ്നേഹവാത്സല്യങ്ങൾ പകർന്നു നൽകുകയും ചെയ്തു.

അർബുദരോഗത്തിന്റെ പിടിയിൽനിന്ന് സൗഖ്യത്തിലേക്ക് കടന്നുവന്നെങ്കിലും അമ്മയുടെ അന്ത്യനിമിഷങ്ങൾ തികച്ചും ആകസ്മികമായിരുന്നു. പെട്ടെന്നുണ്ടായ ഹൃദയാഘാതത്തെതുടർന്ന് 2021 ജൂലൈ 14-ാം തീയതി വൈകുന്നേരം 06.15 ന് അമ്മയുടെ പാവനാത്മാവ് നിത്യതയിലേക്ക് യാത്രയായി. താമരശ്ശേരി രൂപതയുടെ ആദരാഞ്ജലികളും പ്രാർത്ഥനകളും നേരുന്നു.

# മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ്സ് (MSJ) സന്യാസിനി സമൂഹത്തിന്റെ താമരശ്ശേരി സെന്റ് തോമസ് പ്രൊവിൻസിന്റെ പുതിയ നേതൃത്വം


സി. ഷീല (പ്രൊവിൻഷ്യൽ സുപ്പീരിയർ)


സി. എൽസ


സി. സോജ


സി. ഡാലിയ


സി. ജ്വാല


സി. നിധിന


സി. സഞ്ജീവ

# കുടുംബ കൂട്ടായ്മ

**ഫൊറോന സംഗമങ്ങൾ നടത്തി**

താമരശ്ശേരി രൂപത കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ രൂപതയിലെ 11 ഫൊറോനകളിലും ഓൺ ലൈൻ നേതൃത്വ സംഗമം നടത്തി. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷനു ക്രൈസ്തവ സമുദായത്തിന്റെ സാമ്പത്തിക, വിദ്യാഭ്യാസ, സാമൂഹിക ക്ഷേമ മേഖലകളിലെ പിന്നാക്കാവസ്ഥയെ സംബന്ധിച്ച പഠന റിപ്പോർട്ടുകളും, നിവേദനങ്ങളും സമർപ്പിക്കുന്നതിനെക്കുറിച്ചുള്ള ബോധവത്കരണ പരിപാടിക്ക് ആയിരുന്നു നേതൃസംഗമം നടത്തിയത്.

അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് 11 ഫൊറോനകളിലെയും നേതൃസംഗമം ഉദ്ഘാടനം ചെയ്തു. രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര അധ്യക്ഷത വഹിച്ച സമ്മേളനങ്ങളിൽ ഫാ. സബിൻ തൂമുള്ളിൽ ക്ലാസ് എടുത്തു.

കുടുംബ കൂട്ടായ്മ രൂപത ഡയറക്ടർ ഫാ. ജോസഫ് വടക്കേൽ, രൂപത പ്രസിഡന്റ് തോമസ് വലിയപറമ്പൻ, സെക്രട്ടറി സണ്ണി കൂഴമ്പാല, ട്രഷറർ ജോസ് കുഴുമ്പിൽ , എക്സിക്യൂട്ടീവ് അംഗം സെബാസ്റ്റ്യൻ ഉാമണ്ണിൽ വിവിധ ഫൊറോനകളിലെ വികാരിയച്ചൻമാർ എന്നിവർ പ്രസംഗിച്ചു. എല്ലാ കുടുംബ യൂണിറ്റുകളിൽ നിന്നും 5 നിവേദനം തയ്യാറാക്കാനുള്ള കർമ്മ പദ്ധതി സമ്മേളനത്തിൽ അവതരിപ്പിച്ചു.

**ഫാ. ജോസഫ് വടക്കേൽ**
ഡയറക്ടർ, കുടുംബ കൂട്ടായ്മ

# കുടുംബ പ്രേഷിതത്വം

താമരശ്ശേരി രൂപതാ കുടുംബ പ്രേഷിതത്വ വിഭാഗത്തിന്റെ ഡയറക്ടറായി കഴിഞ്ഞ ഒരു വർഷക്കാലം സേവനമനുഷ്ഠിച്ചിരുന്ന ബഹു. ജോസഫ് കളരിക്കൽ അച്ചൻ മെയ് 31-ാം തീയതി തന്റെ സേവനം പൂർത്തിയാക്കി പാറോപ്പടി ഫൊറോനാ വികാരിയായി സ്ഥലം മാറിപോയി. ഒപ്പം തന്നെ കഴിഞ്ഞ ഒരു വർഷക്കാലമായി കുടുംബ പ്രേഷിതത്വ വിഭാഗത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന സി. ഡാർളി FHGS ഉം സേവനം പൂർത്തിയാക്കി പുതിയ സേവനമേഖലയിലേക്ക് പോയി. ബഹു. കളരിക്കൽ അച്ചനും സി. ഡാർളിക്കും തങ്ങളുടെ സ്തുത്യർഹമായ സേവനത്തിന് കൃതജ്ഞതയർപ്പിക്കുന്നു.

കുടുംബ പ്രേഷിതത്വ വിഭാഗത്തിന്റെ പുതിയ ഡയറക്ടറായി ഫാ. ഫിലിപ് ചക്കുംമൂട്ടിൽ ജൂൺ 1-ാം തീയതി ചുമതലയേറ്റു. പുതിയ സെക്രട്ടറിയായി സി. ജെസി എസ്. എച്ച് ഉം കടന്നുവന്നു.

### പ്രീ കാന കോഴ്സ്

കോവിഡ് കാലത്തെ പതിവുപോലെ ഓൺലൈനായി ജൂൺ 11,12,13 ജൂലൈ 9,10,11 തീയതികളിൽ പ്രീ കാനാ കോഴ്സ് നടന്നു. ജൂൺ മാസത്തിൽ 103 പേരും ജൂലൈ മാസത്തിൽ 98 പേരും കോഴ്സിൽ പങ്കെടുത്തു. ആഗസ്റ്റ് മാസത്തിലെ കോഴ്സ് ഓൺലൈനായി 13,14,15 തീയതികളിൽ നടക്കുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് രൂപതാ വെബ്സൈറ്റ് വഴിയോ, 8547191056 എന്ന നമ്പറിൽ വിളിച്ചോ ബുക്ക് ചെയ്യാവുന്നതാണ്.

**ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ**
ഡയറക്ടർ, കുടുംബ പ്രേഷിതത്വം

## കെ.സി.വൈ.എം.

### PSC പരീക്ഷക്ക് എങ്ങനെ ഒരുങ്ങാം. സൗജന്യ വെബിനാർ സംഘടിപ്പിച്ചു.

കെസിവൈഎം താമരശ്ശേരി രൂപതയുടെയും ആൽഫ മരിയ അക്കാദമിയുടെയും നേതൃത്വത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ സർവീസിലേക്കും മറ്റ് പൊതുമേഖല സ്ഥാപനങ്ങളിലേക്കുമുള്ള വിവിധ പരീക്ഷകളെകുറിച്ചും അതിന്റെ സാധ്യതകളെ കുറിച്ചും യുവജനങ്ങളെയും ഉദ്യോഗാർഥികളെയും ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ സൗജന്യ വെബിനാർ സംഘടിപ്പിച്ചു. 150 തോളം പേർ പങ്കെടുത്ത പ്രോഗ്രാമിൽ ശ്രീ. ശ്രീജേഷ് ശ്രീധർ മോട്ടിവേഷൻ ക്ലാസ്സ് നയിച്ചു. പി എസ് സി രജിസ്ട്രേഷൻ സംബന്ധിച്ചും ന്യൂനപക്ഷ സ്കോളർഷിപ്പുകൾ സംബന്ധിച്ചും ഫാ. സബിൻ തൂമുള്ളിൽ വിശദീകരണം നൽകി. ആൽഫ അസി. ഡയറക്ടർ ഫാ. ദീപു വള്ളിക്കുന്നേൽ, കെസിവൈഎം രൂപത പ്രസിഡന്റ് ശ്രീ. വിശാഖ് തോമസ് എന്നിവർ സംസാരിച്ചു.

### ജൂലൈ 4, യുവജന ദിന ആഘോഷം

യുവജന ദിനത്തോടനുബന്ധിച്ച് രൂപതയിലെ മുഴുവൻ കെസിവൈഎം പ്രവർത്തകരുടെയും പ്രതിനിധികളെയും ഡയറക്ടർ അച്ചൻമാരെയും ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനെയും ഒരുമിച്ചു ചേർത്ത് ഓൺലൈൻ യുവജനദിന സംഗമം നടത്തി. പ്രസ്തുത യുവജന സംഗമത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു. കെസിവൈഎം സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ഷിജോ

ഇടയാടിൽ മുഖ്യസന്ദേശം നൽകി. രൂപത പ്രസിഡന്റ് വിശാഖ് തോമസ് അധ്യക്ഷസ്ഥാനം വഹിക്കുകയും, രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കകുടിയിൽ ആമുഖ പ്രഭാഷണം നടത്തി.

കണ്ണോത്ത് മുതൽ കാശ്മീർ വരെ കാൽനടയായി സഞ്ചരിച്ച് ചരിത്രം സൃഷ്ടിച്ച കണ്ണോത്ത് ഇടവകാംഗം ശ്രീ. സിവിൻ ജോസിനെ സംഗമത്തിൽ ആദരിച്ചു. രൂപതാ കെസിവൈഎം പ്രവർത്തനങ്ങളെ അഭിവന്ദ്യ പിതാവും, സംസ്ഥാന ജനറൽ സെക്രട്ടറിയും മുക്തകണ്ഠം പ്രശംസിച്ചു സംസാരിച്ചു.

### 'വിസീത്ത' സംസ്ഥാനസമിതി സന്ദർശനം യോഗം

കെസിവൈഎം സംസ്ഥാന സമിതി 'വിസിറ്റ 2021' എന്ന പേരിൽ ഗൂഗിൾ മീറ്റ് വഴി നടത്തിയ രൂപത കെസിവൈഎം സന്ദർശനത്തിൽ മുഴുവൻ എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. വ്യക്തമായ നിലപാടുകളും, പ്രതിഷേധങ്ങളും, നയപരിപാടികളും സ്വീകരിക്കുന്ന രൂപത കെസിവൈഎം പ്രവർത്തനങ്ങളെ സംസ്ഥാന സമിതി ഒന്നാകെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

### സാറാസ് സിനിമയ്ക്കെതിരെ വൻ പ്രതിഷേധവുമായി കെസിവൈഎം

ഭ്രൂണഹത്യയെ പിന്തുണയ്ക്കുകയും ന്യായീകരിക്കുകയും ചെയ്യുന്ന സന്ദേശത്തോടെ പുറത്തിറക്കിയ 'സാറാസ്' എന്ന മലയാളം സിനിമയ്ക്കെതിരെ കെസിവൈഎം പ്രവർത്തകർ ശക്തമായ പ്രതിഷേധം അറിയിച്ചു. സമൂഹത്തിലും യുവജനങ്ങൾക്കിടയിലും പ്രസ്തുത സിനിമ സൃഷ്ടിക്കാൻ പോകുന്ന ദൂഷ്യഫലങ്ങളെ മുന്നിൽകണ്ടുകൊണ്ട് സാറാസ് സിനിമയുടെ സംവിധായകൻ ജൂഡ് ആന്റണിയുടെ ക്രിസ്തീയ മൂല്യവിരുദ്ധവും വികലവുമായ കാഴ്ചപ്പാടുകൾക്കെതിരെ രൂപത കെസിവൈഎം ജീവനെ സംരക്ഷിക്കും എന്ന നിലപാട് വ്യക്തമാക്കി. 'ഞങ്ങൾക്കും പറയാനുണ്ട്' എന്ന പ്രതികരണ പരിപാടിയിലൂടെ യുവദർശൻ യു ട്യൂബ് ചാനൽ മുഖേന സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർ ശ്രീമതി ലിമിന ജോർജ്ജാണ് രൂപതയെ പ്രതിനിധീകരിച്ച് സംസാരിച്ചത്.

### ഫാ. സ്റ്റാൻസ് സ്വാമിക്ക് ആദരാഞ്ജലികൾ

കാലഘട്ടത്തിന്റെ ശബ്ദമായി മാറിയ, അശരണർക്ക് ആശ്വാസമായിരുന്ന ഫാ. സ്റ്റാൻസ് സ്വാമിയുടെ വിയോഗത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും രൂപതയുടെ എല്ലാ യൂണിറ്റുകളിലും കരിദിനം ആചരിച്ച് പ്രതിഷേധ ദീപം തെളിയിക്കുകയും ചെയ്തുകൊണ്ട് ഭരണകൂട ഭീകരതയ്ക്കെതിരെ ശക്തമായ പ്രതിഷേധമറിയിച്ചു.

## Reels - Media workshop

മീഡിയ സെല്ലിന്റെ ആഭിമുഖ്യത്തിൽ ജൂലൈ പതിനൊന്നാം തീയതി 'Reels To Reveal' മീഡിയ വർക്ക്ഷോപ്പ് നടന്നു. ഫാദർ ടെക് എന്ന പേരിൽ അറിയപ്പെടുന്ന പാലാ രൂപതാംഗമായ ഫാ. ജീമോൻ മീഡിയ വർക്ക്ഷോപ്പിന് നേതൃത്വം നൽകി. ഇടവകകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട അറുപതോളം യുവജനങ്ങൾ വർക്ക്ഷോപ്പിൽ

പങ്കെടുത്തു. മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള പോസ്റ്റർ വീഡിയോ ക്രിയേഷൻ സംബന്ധിച്ച് നടത്തിവരുന്ന ഈ പ്രോഗ്രാമിന്റെ തുടർസെക്ഷനുകൾ വരുംദിവസങ്ങളിൽ ക്രമീകരിച്ചിട്ടുണ്ട്. മീഡിയ സെൽ കോഡിനേറ്റർ ശ്രീ. റിച്ചാൾഡ് ജോൺ നേതൃത്വം നൽകി.

### ചിറകുകൾ നൽകാം, ഓൺലൈൻ പഠന സഹായം

ഓൺലൈൻ പഠനത്തിന് ബുദ്ധിമുട്ടുന്ന വിദ്യാർഥികൾക്ക് രൂപതതലത്തിലും മേഖല തലത്തിലും യൂണിറ്റ് തലങ്ങളിലും സ്മാർട്ട്ഫോണുകൾ നൽകി. നടത്തിയ ഓൺലൈൻ ചലഞ്ചിൽ 21220 രൂപ സമാഹരിക്കുകയും മുതുകാട്, വലിയ കൊല്ലി, കൂമംകുളം ഇടവകകളിലെ വിദ്യാർഥികൾക്ക് സഹായം നൽകുകയും ചെയ്തു. നെന്മേനി , ഈരൂട് ഇടവകകൾ ഓൺലൈൻ പഠന സഹായം നൽകി. സഹകരിച്ച എല്ലാ വ്യക്തികളോടും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

### ഹെയർ ഡോണേഷൻ  അമല മെഡിക്കൽ കോളേജിന്റെ ആദരം ഏറ്റു വാങ്ങി

2020 പ്രവർത്തന വർഷത്തിൽ രൂപതയുടെ നേതൃത്വത്തിൽ നടന്ന ഹെയർ ഡോണേഷൻ പ്രോഗ്രാമിൽ 150 ഓളം യുവജനങ്ങൾ ഹെയർ ഡോണേഷൻ നടത്തിയതിന് അമല മെഡിക്കൽ കോളേജ് രൂപതയെ ആദരിച്ചു. കഴിഞ്ഞ വർഷത്തിൽ ഏറ്റവുമധികം മുടി സംഭാവന ചെയ്തത് താമരശ്ശേരി രൂപതയാണ്. തൃശൂർ അമല മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന വിഗ് ഡിസ്ട്രിബ്യൂഷൻ ചടങ്ങിലാണ് കെസിവൈഎം താമരശ്ശേരി രൂപത ആദരം ഏറ്റുവാങ്ങിയത്. പെരിന്തൽമണ്ണ ഡയറക്ടർ ഫാ. മനോജ് കൊച്ചുമുറിയിൽ, സംസ്ഥാന സെനറ്റ് മെമ്പറും ഡോണേഷൻ കോർഡിനേറ്ററുമായ ശ്രീമതി ലെറ്റീഷ്യ ജോഷി, രൂപത എക്സിക്യൂട്ടീവ് അംഗം ആഷ്‌ലി എന്നിവർ സംബന്ധിച്ചു.

### മറ്റു പരിപാടികൾ

1. ഓൺലൈൻ പഠനത്തിലൂടെ മാത്രം എസ്. എസ്. എൽ. സി. പരീക്ഷയിൽ വിജയികളായി ഉന്നത വിജയം കരസ്ഥമാക്കിയ എല്ലാ വിദ്യാർഥികൾക്കും കെസിവൈഎം താമരശ്ശേരി രൂപതയുടെ അനുമോദനങ്ങളും അഭിനന്ദനങ്ങളും അറിയിച്ചു.
2. ലഡോസാറയിലെ സീറോ മലബാർ ദേവാലയം തകർത്ത സംഘപരിവാറിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. അധികാരത്തിന്റെ മറവിൽ ന്യൂനപക്ഷങ്ങളെ അടിച്ചമർത്താനുള്ള സംഘപരിവാർ നീക്കങ്ങളെ കെസിവൈഎം രൂപതാ അപലപിച്ചു.
3. ജെ ബി കോശി കമ്മീഷനുമായി ബന്ധപ്പെട്ട നിവേദനങ്ങൾ വിവിധ ഇടവകകളിലും ഫൊറോനകളിലും തയാറാക്കി അയച്ചു.
4. SMYM ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് അംഗങ്ങളെ ജൂലൈ 25 ന് തിയതി ആദരിച്ചു.

## അറിയിപ്പുകൾ

1. 2021 പ്രവർത്തന വർഷത്തെ അർധവാർഷിക മേഖലാ സെനറ്റുകൾ ഓഗസ്റ്റ് മാസം നടത്തുന്നതായിരിക്കും. തീയതികൾ ക്രമീകരിച്ച് നൽകുന്നതായിരിക്കും. രൂപതാ വാർഷിക സെനറ്റ് ഒക്ടോബർ മാസത്തിൽ നടത്തുന്നതായിരിക്കും.
2. യൂണിറ്റ് തല ഇലക്ഷൻ സെപ്റ്റംബർ മാസം മുതൽ ആരംഭിക്കുന്നു. യൂണിറ്റ് ഇലക്ഷന് രൂപത പ്രതിനിധികൾ പങ്കെടുക്കാൻ തീരുമാനിച്ചു.
3. 'തണൽ വീട്' SMYM അബുദാബിയുടെ സഹകരണത്തോടെ നിർമിക്കുന്ന വീടിന്റെ പണികൾ ആരംഭിക്കുന്നു.
4. ഓഗസ്റ്റ് മാസം ഹെയർ ഡോണേഷൻ ക്യാമ്പുകൾ ആരംഭിക്കുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# എ.കെ.സി.സി

## ജൂലൈ മാസ പ്രവർത്തനങ്ങൾ

### കമ്മറ്റികൾ രൂപീകരിച്ചു

കത്തോലിക്കാ കോൺഗ്രസിന്റെ രൂപത തല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. Help Desk, Public affairs & Quick Response Committee, Programme committe, Report Committee, Social media committe എന്നിവ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു.

### ഭരണകൂട ഭീകരതയ്ക്കെതിരെ കരിദിനം

ഭരണകൂട ഭീകരതയുടെ ഇരയായി കസ്റ്റഡിയിൽ മരിച്ച ഫാ. സ്റ്റാൻ സ്വാമിക്ക് ആദരാഞ്ജലികൾ അർപ്പിച്ച് യൂണിറ്റ്, മേഖല, രൂപത, ഗ്ലോബൽ തലങ്ങളിൽ കരിദിനം ആചരിച്ചു. രൂപത സമിതിയുടെ നേതൃത്വത്തിൽ തിരുവമ്പാടി ടൗണിൽ പ്രതിഷേധം സംഘടിപ്പിച്ചു. രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ, ജന. സെക്രട്ടറി അനീഷ് വടക്കേൽ, ബേബി പെരുമാലിൽ, ഷാജി കണ്ടത്തിൽ, പ്രിൻസ് തിനംപറമ്പിൽ, ഫൊറോന പ്രസിഡന്റ് ആൽബിൻ, യൂണിറ്റ് പ്രസിഡന്റ് ബെന്നി എന്നിവർ നേതൃത്വം നൽകി.

### COVID Vaccination Camp

കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപത സമിതിയും അശോകപുരം യൂണിറ്റും സംയുക്തമായി കോഴിക്കോട് Baby memmorial hospital ൽ വച്ച് Covid Vacci-

nation Camp നടത്തി. രൂപത വൈസ് പ്രസിഡന്റ് ബേബി കിഴക്കേഭാഗം, യൂണിറ്റ് സെക്രട്ടറി ജോർജ്ജ് ചെരിയത്ത് തുടങ്ങിയവർ നേതൃത്വം നൽകി. ക്യാമ്പിന്റെ രണ്ടാമത്തെ ഘട്ടം ആരംഭിച്ചു.

## Working Committe meeting

11.07.21 ന് ഗൂഗിൾ മീറ്റിലൂടെ നടന്ന യോഗത്തിൽ യൂണിറ്റ്, മേഖല പ്രസിഡന്റ്, സെക്രട്ടറിമാർ, വർക്കിഗ് കമ്മിറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ജെ.ബി കോശി കമ്മീഷന് നിവേദനങ്ങൾ സമർപ്പിക്കുന്നതുമായി ബ്ന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു . പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കമ്മിറ്റിയെ നിയോഗിച്ചു. ഓരോ യൂണിറ്റിലും മേഖലയിലും നിന്ന് കുറഞ്ഞത് 5 നിവേദനം നൽകാൻ തീരുമാനിച്ചു.

## മലപ്പുറം മേഖല പ്രവർത്തക സമിതി യോഗം ചേർന്നു

മലപ്പുറം മേഖലയുടെ യോഗം ജൂലൈ 10 ന് മലപ്പുറം സെന്റ് തോമസ് ഫൊറോന പള്ളിയിൽ വച്ച് നടന്നു. ഫൊറോനയിലെ എല്ലാ യൂണിറ്റുകളിൽ നിന്നും തന്നെ പ്രതിനിധികൾ പങ്കെടുത്ത യോഗം മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ഡോ. ചാക്കോ കെ.വി. മുഖ്യപ്രഭാഷണം നടത്തി. മേഖല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ ആമുഖ പ്രഭാഷണം നടത്തി. ഫാ. മെൽവിൻ വെള്ളയ്ക്കക്കുടിയിൽ Covid Care ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. തോമസ് കുരുവിള സംഭാവന ചെയ്ത Pulse oximeter, Mask എന്നിവ മേഖലയിലെ യൂണിറ്റുകളിൽ വിതരണത്തിന് നൽകി. ആൻറണി ആലക്കൽ, മാർട്ടിൻ തച്ചിൽ എന്നിവർ നേതൃത്വം നൽകി.

## പൾസ് ഓക്സിമീറ്ററുകൾ വിതരണം ചെയ്തു

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയിൽ നിന്നും ലഭിച്ച പൾസ് ഓക്സിമീറ്ററുകൾ ഫൊറോന തലങ്ങളിൽ വിതരണം ചെയ്തു.

## പ്രതിഷേധ പരിപാടികൾ

1. തിരുവമ്പാടി പഞ്ചായത്തിലെ മുത്തപ്പൻ പുഴയിൽ സ്വന്തം കൃഷിയിടത്തിലെ പാഴ്മരം മുറിച്ചതിന്റെ പേരിൽ വയോധികയ്ക്കെതിരെ നടപടി എടുത്ത വനം വകുപ്പിന്റെ പ്രവർത്തനത്തിൽ കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതി പ്രതിഷേധം രേഖപ്പെടുത്തി
2. ജൂലൈ 4 ന് നടന്ന രൂപതാ എക്സിക്യൂട്ടിവ് യോഗത്തിൽ KITEX ഉടമ നേരിട്ട അനുഭവത്തെ അപലപിച്ച് പ്രമേയം പാസ്സാക്കി. ഇത്തരത്തിലുള്ള അനുഭവങ്ങൾ കേരളത്തിൽ വ്യവസായ സൗഹൃദാന്തരീക്ഷം ഇല്ലാതാക്കുമെന്ന് യോഗം വിലയിരുത്തി .
3. ദേവാലയം തകർത്തതിൽ പ്രതിഷേധം: ഡൽഹി അന്ധേരിയ മോഡിലുള്ള സീറോ മലബാർ ദേവാലയം ഇടിച്ചു നിരത്തിയ സംഭവത്തെ കത്തോലിക്കാ കോൺഗ്രസ് അപലപിച്ചു. വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ പ്രാർത്ഥനായജ്ഞവും പ്ര

തിഷേധ സമരവും നടത്തി.

താമരശ്ശേരി ടൗണിൽ നടന്ന രൂപതാതല പ്രതിഷേധത്തിന്റെ ഉദ്ഘാടനം കത്തോലിക്കാ കോൺഗ്രസ് ബിഷപ്പ് ലഗേറ്റ് കൂടിയായ അഭിവന്ദ്യ മാർ റെമീയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു.

4. മലയോര മേഖലകളിൽ വർദ്ധിച്ചു വരുന്ന കാട്ടാന ശല്യം തടയുവാൻ വനം വകുപ്പ് കാണിക്കുന്ന അനാസ്ഥയിൽ ജൂലൈ 15 ന് നടന്ന യോഗത്തിൽ കത്തോലിക്കാ കോൺഗ്രസ് രൂപത സമിതി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

## സ്വാഗതം ചെയ്തു

ന്യൂനപക്ഷ സ്കോളർഷിപ്പ് 80:20 അനുപാതത്തെ ജനസംഖ്യാനുപാതികമായി പുന:ക്രമീകരിച്ച കേരള സർക്കാർ തീരുമാനത്തെ രൂപത സമിതി സ്വാഗതം ചെയ്തു.

## അറിയിപ്പുകൾ

1. യൂണിറ്റ് ശാക്തീകരണത്തിനായി ആഗസ്റ്റ് മാസത്തിൽ ഫൊറോന സംഗമങ്ങൾ സംഘടിപ്പിക്കുന്നു

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എ.കെ.സി.സി

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## വിദ്യാഭ്യാസ സഹായം

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ വലിയ കുടുംബങ്ങൾക്ക് 2020-2021 വർഷക്കാലത്തിൽ വിദ്യാഭ്യാസ സഹായമായി 3000 രൂപ വീതം നൽകി. 2014 ന് മുമ്പ് ജനിച്ച 4-ാമതു മുതലുള്ള കുഞ്ഞുങ്ങൾക്കാണ് പ്രസ്തുത തുക നല്കിയിട്ടുള്ളത്. 250 കുടുംബങ്ങൾക്കാണ് പ്രസ്തുത സഹായം ലഭിച്ചത്.

## മൊബൈൽ ഫോൺ നല്കി

മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ വലിയ കുടുംബങ്ങളിലെ 8 കുട്ടികൾക്ക് ഓൺലൈൻ പഠനസഹായത്തിന് മൊബൈൽ ഫോൺ നൽകി.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ്

# ഇൻഫാം

താമരശ്ശേരി രൂപത ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. 2 പൂവനും 8 പിടയുമടങ്ങുന്ന ഒരു യൂണിറ്റിന് 1200 രൂപയാണ് വില. 'ഗ്രാമശ്രീ' വിഭാഗത്തിൽപ്പെട്ട മുട്ടക്കോഴികളെയാണ് രൂപതയിലെ വിവിധ ഇടവകകളിലെ 300 ൽ കൂടുതൽ കുടുംബങ്ങൾക്ക് അതത് ഇടവകകളിൽ എത്തിച്ചു കൊടുത്തു.

അസോസിയേറ്റ് ഡയറക്ടർ
**ഫാ. ജോസഫ് കളത്തിൽ**

ഡയറക്ടർ, ഇൻഫാം
**ഫാ. ജോസ് പെണ്ണാപറമ്പിൽ**

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

എല്ലാ മാസവും കൃത്യമായി സൂം മീറ്റിംങ്ങ് നടക്കുന്നു. രൂപതയിലെ പതിനൊന്നു ഫൊറോനയിലേയും ഏരിയ കൗൺസിൽ പ്രസിഡന്റുമാരും ബോർഡ് മെമ്പർമാരും മീറ്റിംങ്ങിൽ പങ്കെടുത്ത് പ്രവർത്തനങ്ങൾ വിലയിരുത്തുകയും സെൻട്രൽ കൗൺസിൽ നിർദ്ദേശങ്ങൾ ചർച്ചയിലൂടെ പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

സ്മാർട്ട് ഫോൺ ഇല്ലാത്ത നിർധനരായ കുട്ടികൾക്ക് പഠനാവശ്യത്തിനായി ഏരിയാ കൗൺസിലിൽ നിന്ന് ലഭിച്ച അപേക്ഷകൾ പരിഗണിച്ച് ഫോണുകൾ വാങ്ങിക്കൊടുത്തു.

കോവിഡ് ബാധിച്ച് ആശുപത്രിയിൽ കഴിയുന്ന രോഗികൾക്ക് പതിനായിരം രൂപയും വീടുകളിൽ കഴിയുന്നവർക്ക് അയ്യായിരം രൂപയും നൽകി വരുന്നു. മെയ് മാസം മുതൽ ആരംഭിച്ച ഈ പദ്ധതിപ്രകാരം എഴുപതോളം അപേക്ഷകർക്ക് പണം നൽകി.

ഒരുമിച്ചിരുന്ന് മീറ്റിംങ്ങുകൾ കൂടാൻ സാധിക്കുന്നില്ലെങ്കിലും അത്യാവശ്യം സന്ദർശനങ്ങൾ നടത്തി പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു. രൂപതയുടെ വിവിധ ഭാഗങ്ങളിലായി പാവപ്പെട്ടവർക്കായി വീടുകൾ പണിയുന്നുണ്ട്. അതുപോലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും രോഗികളുടെ ചികിത്സക്കും വിവാഹ ആവശ്യങ്ങൾക്കും എല്ലാമായി സാമ്പത്തിക സഹായം പതിവുപോലെ ചെയ്തു വരുന്നു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കരിസ്മാറ്റിക് മൂവ്മെന്റ്

കോശി കമ്മീഷനിലേക്ക് നിവേദനം സമർപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ സോണിലെ എല്ലാ നേതൃത്വങ്ങളേയും 5.7.21 ന് ഒരുമിച്ചുകൂട്ടി. കമ്മീഷനെക്കുറിച്ച് വളരെ വ്യക്തമായി കെ. വി. ചാക്കോ കേളംപറമ്പിൽ സംസാരിച്ചു. അന്നേദിവസം തന്നെ മെമ്മോറാണ്ടം സമർപ്പിക്കുവാനും, അതിനാവശ്യമായ കാര്യങ്ങൾ ക്രമപ്പെടുത്തുവാനുമായി ഒരു കോർഗ്രൂപ്പിനെ ഉത്തരവാദിത്തപ്പെടുത്തി. ഇതിൽ ശ്രീ. ജോർജ്ജ് കിഴക്കനാത്ത്, ശ്രീ. സെബാസ്റ്റ്യൻ വാമറ്റത്തിൽ എന്നിവർ ചേർന്ന് ഇതിനാവശ്യമായ വിവരശേഖരണത്തിനും നിവേദനം സമർപ്പിക്കുവാനും ആവശ്യമായ ഫോർമാറ്റ് തയ്യാറാക്കി. പ്രത്യേകം നന്ദി അറിയിക്കുന്നു.

എൽ എസ്സ് എസ്സ് സെമിനാറിൽ പങ്കെടുക്കുന്ന 140 ഓളം പേർക്കായി ഡോ. കുര്യൻ പുരമഠം അച്ചൻ സൈക്കോളജിക്കൽ കൗൺസിലിംഗും, സ്പിരിചൽ കൗൺസിലിംഗും ചേർത്ത് 28.6.21 നും 12.7.21 നും വളരെ മനോഹരമായി ക്ലാസ്സുകൾ നൽകി. പങ്കെടുത്ത ഓരോരുത്തർക്കും ഉപകാരപ്രദവും, പ്രചോദിപ്പിക്കുന്നതും ആയിരുന്നു. ഓരോരുത്തരും അവനവനെ കണ്ടെത്തണമെന്നും, അതിനുശേഷമേ മറ്റുള്ളവരെ മനസ്സിലാക്കാൻ ശ്രമിക്കാവൂ എന്നും, നമ്മൾ മറ്റുള്ളവർക്ക് ഉത്തരം കൊടുക്കുന്നവരല്ല, അവരിലെ കഴിവുകൾ കണ്ടെത്താൻ അവരെ സഹായിക്കുന്നവരാണെന്നും ഓർമ്മപ്പെടുത്തി.

ജൂൺ 30 ന് കോഴിക്കോട് സിറ്റിസബ്സോൺ മദ്ധ്യസ്ഥ പ്രാർത്ഥന ഗൂഗിൾമീറ്റിലൂടെ ആരംഭിച്ചു. എല്ലാ ആഴ്ചകളിലും തിങ്കളാഴ്ച വൈകുന്നേരം സമയം കണ്ടെത്തി. ജൂലായ് ഒന്നു മുതൽ കരുണകൊന്ത കൂടുതലായി ചൊല്ലാനും, ചൊല്ലുന്നതിന്റെ എണ്ണം വ്യക്തികൾ/ ഗ്രൂപ്പുകൾ ഓരോ ദിവസവും വാട്ട്സ്അപ്പിൽ ഇടാനും തീരുമാനിച്ചു. ജൂലായ് മാസത്തെ പ്രത്യേകനിയോഗങ്ങളായി

1. ലോകം ആഴമായ മാനസാന്തരവും, അനുതാപവും ഉണ്ടാകാൻ.
2. ലോകസുവിശേഷവൽക്കരണത്തിനുവേണ്ടി
3. കുടുംബങ്ങൾക്കും, യുവജനങ്ങൾക്കുംവേണ്ടി. വിശ്വാസം, ശരണം, ഉപവി എന്നീ പുണ്യങ്ങളിൽ വളരാൻ
4. എല്ലാ ലോകരാജ്യങ്ങൾക്കും ഭരണാധികാരികൾക്കുവേണ്ടി.

2. 2.7.21 ന് യുവജനങ്ങൾക്കായുള്ള അഡ്ഹോക്ക് കമ്മറ്റികൂടി. പ്രാർത്ഥനാപൂർവ്വം യുവജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ തീരുമാനിച്ചു. 11.7.21 ന് തൂവനിസയുടെ സോണൽ സർവ്വീസ് കൂടി.

താമരശ്ശേരി, പെരിന്തൽമണ്ണ, മലപ്പുറം, കൂരാച്ചുണ്ട് സബ്സോണുകളിൽ എല്ലാ ആഴ്ചയും ഗൂഗിൾ മീറ്റിലൂടെ ഒരുമിച്ചുചേർന്നു വചനം പങ്കുവെയ്ക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു. ബഹു. സോണൽ ആനിമേറ്റർ സൈമണച്ചൻ എല്ലാകൂട്ടായ്മയിലും പങ്കെടുക്കുകയും വചനസന്ദേശം നൽകുകയും ആവശ്യമായ തിരുത്തലുകളും, പ്രോത്സാഹനവും തരുന്നു. എൽ എസ് എസ് ട്രെയിനിംഗിന് സോണൽ കോർഡി

നേറ്റർ ജോൺസാറും ബാബു കോതനാനിക്കലും നേതൃത്വം നൽകുന്നു.

താമരശ്ശേരി, മാനന്തവാടി സോണുകൾ ഒരുമിച്ച് ഗൂഗിൾമീറ്റിലൂടെ എല്ലാ ബുധനാഴ്ചകളിലും വൈകിട്ട് 6.15 ന് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. കോവിഡ് കാലത്തിന്റെ മരവിപ്പ് മാറ്റാൻ പ്രാർത്ഥനയിലൂടെ നമുക്കു കൈകോർക്കാം.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# F S T

"സൈന്യങ്ങളുടെ കർത്താവ് നമ്മുടെ കൂടെയുണ്ട് യാക്കോബിന്റെ ദൈവം നമ്മുടെ അഭയം" (സങ്കീർത്തനം)

അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ 2021 ജൂലൈ 3-ന് താമരശ്ശേരി രൂപതയിലെ 160 ഓളം സുപ്പിരിയേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു ബഹു. ചാൻസിലർ ജോർജ്ജ് മുണ്ടനാട്ട് എല്ലാ നിർദ്ദേശങ്ങളും നൽകി മീറ്റിംഗ് നയിച്ചു. ഇടയനടുത്ത സ്നേഹത്തോടെ അഭിവന്ദ്യ പിതാവ് ഈ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ, വെല്ലുവിളികൾ, ക്രിസ്തീയ ന്യൂനപക്ഷ അവകാശങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ടവരോട് കൂടിയായിരിക്കേണ്ടതിന്റെ ആവശ്യകത എന്നീ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. ഇന്നത്തെ സമൂഹത്തിന്റെ പ്രതിസന്ധികൾ കണ്ട് ആവൃതിയിലാണങ്കിലും പ്രാർത്ഥനയിൽ ശക്തിപ്പെട്ട്, വേദനിക്കുന്നവർക്ക് നമ്മുടെ സാന്നിധ്യം നൽകുക എന്ന ഉത്തരവാദിത്വത്തിൽ നിന്ന് സമർപ്പിത സമൂഹം മാറിനിൽക്കരുതെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു.

തുടർന്ന് ബഹു. ഫാ. സബിൻ തൂമുള്ളിൽ അച്ചന്റെ ഗഹനമായ ക്ലാസ്സ് ഉണ്ടായിരുന്നു ജെ.ബി കോശി കമ്മീഷൻ എന്താണെന്നും. അതിൽ ക്രൈസ്തവ സമൂഹത്തിന്റെ ക്ഷേമത്തിനുതകുന്നകാര്യങ്ങൾ എന്താണെന്നും പറഞ്ഞുതന്നു. വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം ഇവ കമ്മീഷന്റെ ലക്ഷ്യങ്ങൾ ആണെന്നും വിശദീകരിച്ചുതന്നു. അച്ചനേയും നന്ദിയോടെ ഓർക്കുന്നു.

മീറ്റിംങ്ങിനാവശ്യകമായ ക്രമീകരണങ്ങൾ നടത്തിയ ബഹു. ജോർജ്ജ് മുണ്ടനാട്ടച്ചനും അച്ചന്റെ നല്ല വാക്കുകൾക്കും ഒത്തിരി നന്ദി.

പങ്കെടുത്ത എല്ലാ സുപ്പീരിയേഴ്സിനും ഒരിക്കൽ കുടി നന്ദി പറയുന്നു. നമ്മുടെ പ്രവർത്തനങ്ങളും പ്രാർത്ഥനകളും നമ്മുടെ രൂപതയെ വളർത്തുന്നതിനും സഹായിക്കുന്നതിനും ഉപയുക്തമാവട്ടെ. നമ്മൾ സന്യാസിനികൾ ആണ് എന്നതിന്റെ പേരിൽ നമ്മുടെ പൗരവകാശങ്ങൾ ഇല്ലാതാകാൻ പാടില്ല. റേഷൻ കാർഡ്, പെൻഷൻ, ഇൻഷുറൻസ്, ഇവയൊക്കെ നമുക്ക് നേടിയെടുക്കണം അതിനായി ഒത്തൊരുമിച്ച് മുന്നേറാം.

തുടർന്നും നമുക്ക് zoom meeting നടത്തണം അഭിപ്രായങ്ങൾ അറിയിക്കുമല്ലൊ. ബഹു. ചാൻസിലറച്ചൻ സിസ്റ്റേഴ്സ് ഗ്രൂപ്പിൽ ഇടുന്നവ വായിച്ചു മനസ്സിലാക്കുക. നമുക്ക് ഇനിയും ഒന്നിക്കാം, പ്രാർത്ഥനയിൽ കണ്ടുമുട്ടാം.

**സി. വിമൽ ജോസ് എം.എസ്.എം. ഐ**
എഫ്.എസ്.റ്റി ഇൻചാർജ്ജ്

# പി എം ഒ സി

കഴിഞ്ഞ ഒരു വർഷമായി പിഎംഒസി യുടെ ഡയറക്ടറായി സ്തുത്യർ ഹമാം വിധം സേവനമനുഷ്ഠിച്ചിരുന്ന ബഹു. ജോസഫ് കളരിക്കൽ അച്ചൻ മെയ് 31-ാം തീയതി പാറോപ്പടി ഫൊറോന വികാരിയായി സ്ഥലംമാറിപ്പോയി. അതുപോലെ തന്നെ കഴിഞ്ഞ ഒരുവർഷമായി പിഎംഒസി യുടെ ഓഫീസ് ഇൻചാർജ്ജായി സേവനമനുഷ്ഠിച്ചിരുന്ന സി. ഡാർളി FHGS തന്റെ സേവനം പൂർത്തിയാക്കി തിരിച്ചുപോയി. ബഹു. കളരിക്കൽ അച്ചനും സി. ഡാർളിക്കും ഹൃദയം നിറഞ്ഞ നന്ദിയും പുതിയ സേവനമേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

പി എം ഒ സി യുടെ പുതിയ ഡയറക്ടറായി ഫാ. ഫിലിപ്പ് ചക്കുമൂട്ടിൽ ജൂൺ 1-ാം തീയതി ചുമതലയേറ്റു. ഓഫീസ് ഇൻചാർജ് ആയി സി. ജെസി എസ്.എച്ച് ഉം കടന്നുവന്നു. അതുപോലെ തന്റെ റീജൻസിക്കാല സേവനത്തിനായി ബ്ര. അലൻ പോത്തനാമൂഴിയിൽ എത്തിച്ചേർന്നു. എല്ലാവർക്കും സ്നേഹാശംസകൾ.

**ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ**
ഡയറക്ടർ, പിഎംഒസി

# വികസനവേദി

**രക്തദാന ദിനാചാരണം**

'രക്തദാനം മഹാദാനം' എന്ന സന്ദേശം വിളിച്ചോതികൊണ്ട് സി.ഒ. ഡി.യുടെ പരിധിയിൽ ഉള്ള വിവിധ എം. സി. സി. കളുടെ നേതൃത്വത്തിൽ ജൂൺ 14 രക്തദാന ദിനമായി ആചരിച്ചു. രക്തദാനത്തിന്റെ മാഹാത്മ്യത്തെ പ്പറ്റി ക്ലാസുകൾ സംഘടിപ്പിക്കുകയും അതിന്റെ ആവശ്യകതയെപ്പറ്റി ആളുകളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തു. നിരവധി വോളണ്ടിയേ ഴ്സ് രക്തദാനത്തിന് സന്നദ്ധത അറിയിച്ചു മുൻപോട്ടു വരികയും ചെയ്തു.

## വായനാ ദിനാചരണം കൊണ്ടാടി

പി. എൻ. പണിക്കരുടെ ജന്മദിനമായ ജൂൺ 22 വായനാ ദിനമായി ആചരിച്ചു. സി. ഒ. ഡി. യുടെ നേതൃത്വത്തിൽ ഉള്ള വിവിധ സംഘടനകൾ ഇതോടനുബന്ധിച്ചുള്ള വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും പരി പാടികൾ നടത്തുകയും ചെയ്തു.

## സർകോമ അവബോധ മാസം / ബോൺ കാൻസർ അവബോധ മാസം

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സി.ഒ.ഡി. നടപ്പി ലാക്കുന്ന ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ജൂലൈ മാസം സർകോമ അവബോധ മാസം അഥവാ ബോൺ കാൻസർ അവബോധ മാസമായി ആചരിച്ചു. പലതരത്തിൽ ഉള്ള കോശങ്ങളെയും എല്ലുകളെയും ബാധിക്കുന്ന ഈ കാൻസർ രോഗത്തിനെതിരെ സമൂഹ ത്തിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി സി.ഒ.ഡി. സർകോമ അവബോധ ക്ലാസുകൾ, സെമിനാറുകൾ, ക്വിസ് മത്സരം തുടങ്ങിയവ നടത്തി.

## ഭാഗ്യ വർഷ സമ്പാദ്യ പദ്ധതി

വിവിധ സംഘങ്ങളിൽപ്പെട്ട 800 ആളുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഈ വർഷത്തെ ഭാഗ്യ വർഷ സമ്പാദ്യ പദ്ധതിക്ക് സി. ഒ. ഡി. തുടക്കം കുറിച്ചു.

## മെഡിക്കൽ കിറ്റ് വിതരണം

കാരിത്താസ് ഇന്ത്യ കെസിബിസി യുടെ നേതൃത്വത്തിൽ കോവിഡ് പ്രതിരോധ കിറ്റുകളുടെ വിതരണം നടത്തി. രൂപതയിലെ അർഹതപ്പെട്ട 100 ആളുകളിലേക്ക് വോളണ്ടിയേഴ്സ് മുഖാന്തരം കിറ്റുകൾ എത്തിച്ചു നൽകി.

## SUDHIR പ്രൊജക്റ്റ് ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം

കോവിഡ് മഹാമാരിയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടി ക്കാനും കോവിഡ് രോഗബാധക്ക് ശേഷമുള്ള ജീവിതത്തേക്കുറിച്ച് അവരെ ബോധവൽക്കരിക്കാനും പൂർവസ്ഥിതി കൈവരിക്കാനുള്ള അവരിലെ നൈസർഗികമായ കഴിവ് വളർത്തി എടുക്കാനും ലക്ഷ്യം വെച്ചുകൊണ്ട് കോട്ടയം കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ സി.ഒ.ഡി. നടപ്പിലാക്കുന്ന SUDHIR പ്രൊജക്ടിന്റെ ഓൺലൈൻ ഓറിയന്റേ ഷൻ പ്രോഗ്രാം രൂപതയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 30 വോളണ്ടിയേഴ് സിനുവേണ്ടി കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു.

കെ. എസ്. എസ്. എഫ്. ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ പരിപാടി ഉദ്ഘാടനം ചെയ്തു. സി.ഒ. ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി, മറ്റു കെ. എസ്. എസ്. എഫ്. പ്രതിനിധികൾ, കോർഡിനേറ്റേഴ്സ്, വോളണ്ടി യേഴ്സ് തുടങ്ങിയവർ പങ്കെടുത്തു.

## ആശാകിരണം റിസോഴ്സ് ടീം മീറ്റിങ്

കാരിത്താസ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ, രൂപതയിലെ നിർധനരായ കാൻസർ രോഗികൾക്ക് കൈത്താങ്ങാകുക എന്ന ലക്ഷ്യത്തോടുകൂടി സി. ഒ. ഡി. നടപ്പിലാക്കുന്ന ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ റിസോഴ്സ്

ടീമിനുവേണ്ടിയുള്ള ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം സി.ഒ.ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ആശാകിരണം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചും പ്രവർത്തന പരിപാടികളെക്കുറിച്ചും അവബോധം നൽകുകയും, കാൻസറിനെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകുന്നതിനെക്കുറിച്ചും, തെരഞ്ഞെടുക്കപ്പെട്ട കാൻസർ രോഗികൾക്ക് എല്ലാ മാസവും 500 രൂപയുടെ ഭക്ഷണ കിറ്റ് എത്തിച്ചു നൽകുന്നതിനെക്കുറിച്ചും ഒക്കെ പരിപാടിയിലൂടെ വോളണ്ടിയേഴ്സിന് വിശദീകരിച്ചു നൽകി. സി. ഒ.ഡി. പ്രോഗ്രാം കോർഡി നേറ്റർ ശ്രീ. ജോയ് കെ. സി, ആശാകിരണം കോർഡിനേറ്റർ ഐശ്വര്യ തോമസ്, തെരഞ്ഞെടുക്കപ്പെട്ട ആശാകിരണം റിസോഴ്സ് ടീം അംഗങ്ങൾ തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു.

**ഫാ. ജോർജ്ജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# അജപാലനക്കുറിപ്പുകൾ

**ആഗസ്റ്റ്**

1 രാവിലെ, കൂടരഞ്ഞി ഇടവക ദൈവാലയത്തിൽ ഒരു ഭവനത്തിലെ അഞ്ചാമത്തെ കുഞ്ഞിന് ജ്ഞാനസ്നാനം നൽകി.

വൈകുന്നേരം, അൽമായ കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

2 രാവിലെ, വിൻസെന്റ് ഗിരി സന്യാസ സമൂഹത്തിന്റെ ജനറൽ സുപ്പീരിയർ സി. ഫിലോയെയും ടീമംഗങ്ങളെയും രൂപതാ ഭവനിൽ സ്വീകരിച്ചു.

ഉച്ചകഴിഞ്ഞ്, ജീസസ് യൂത്തിന്റെ കോഴിക്കോട് മേഖല സംഘടിപ്പിച്ച 24 മണിക്കൂർ ഓൺലൈൻ ബൈബിൾ പാരായണം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, കർഷക പെൻഷനുമായി ബന്ധപ്പെട്ട് ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾക്കായി സി.ഒ.ഡി. സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

കുവൈത്ത് സീറോ - മലബാർ കാത്തലിക്ക് അസോസിയേഷൻ സംഘടിപ്പിച്ച ദുക്റാന ഓൺലൈൻ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

3 രാവിലെ, കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ ദുക്റാനത്തിരുന്നാളിനോടനുബന്ധിച്ച് മേജർ ആർച്ചു ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരിപിതാവിനോടൊപ്പം റാസ കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ മേജർ ആർച്ചു ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്ത കത്തോലിക്കാ കോൺഗ്രസ്സിന്റെ പുതിയ പ്രവർത്തന സമിതിയുടെ യോഗത്തിൽ സംബന്ധിച്ചു.

4 രാവിലെ, ചാവറ ആശുപത്രിയിൽ പുതിയതായി ക്രമീകരിച്ച ഐ.സി.യുവിന്റെ വെഞ്ചരിപ്പു കർമ്മം നടത്തി.

ഉച്ചകഴിഞ്ഞ്, മരുതോങ്കര, വിലങ്ങാട് ഫൊറോനകളിലെ കുടുംബക്കൂട്ടായ്മാ പ്രതിനിധികളുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, കൂരാച്ചുണ്ട് ഫൊറോനയിലെ കുടുംബക്കൂട്ടായ്മാ പ്രതിനിധികളുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

യുവജനദിനത്തോടനുബന്ധിച്ച് രൂപതാ യുവജനപ്രതിനിധികൾക്കായി കെ.സി.വൈ.എം സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

5 രാവിലെ, കുപ്പായക്കോട് ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്, മലപ്പുറം ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിലിനെ സന്ദർശിച്ചു.

വൈകുന്നേരം, താമരശ്ശേരി ഫൊറോനയിലെ കുടുംബക്കൂട്ടായ്മാ പ്രതിനിധികളുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

6 രാവിലെ, ഫൊറോനാ വികാരിമാരുടെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, കോടഞ്ചേരി ഫൊറോനയിലെ കുടുംബക്കൂട്ടായ്മാ പ്രതിനിധികളുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

മതാദ്ധ്യാപകർക്കായി പ്രോ-ലൈഫ് മൂവ്മെന്റ് ഓൺലൈനായി സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

7 രാവിലെ, യൂറോപ്പിന്റെയും അയർലണ്ടിന്റെയും അപ്പസ്തോലിക് വിസിറ്റേറ്റർ ആയ സ്റ്റീഫൻ ചിറപ്പണത്ത് പിതാവിനെ രൂപതാ ഭവനിൽ സ്വീകരിച്ചു.

രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, കണ്ണോത്ത് ഇടവകയിൽ പരേതനായ മംഗലത്ത് ജോസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, തിരുവമ്പാടി ഫൊറോനയിലെ കുടുംബക്കൂട്ടായ്മാ പ്രതിനിധികളുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

8 രാവിലെ, മേരിക്കുന്ന് എം.എസ്.ജെ പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസിൽ പങ്കെടുക്കുന്നവർക്കായി വി. കുർബാനയർപ്പിച്ചു.

വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ സ്വസഹോദരന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം, തോട്ടുമുക്കം, കരുവാരകുണ്ട് ഫൊറോനകളിലെ കുടുംബക്കൂട്ടായ്മാ പ്രതിനിധികളുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

9 രാവിലെ, അൽഫോൻസ മൈനർ സെമിനാരി ചാപ്പലിൽ വൈദികവിദ്യാർത്ഥികൾക്കായി വി. കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, എം.എസ്.ജെ. സന്യാസിനീ സമൂഹത്തിന്റെ പുതിയ സുപ്പീരിയർ ജനറൽ സി. ഫിലോമിയെയും ടീമംഗങ്ങളെയും രൂപതാ ഭവനിൽ സ്വീകരിച്ചു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ അബ്ദുൾ സലാമിനെ രൂപതാ ഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം, മലപ്പുറം, പെരിന്തൽമണ്ണ ഫൊറോനകളിലെ കുടുംബക്കൂട്ടായ്മാ പ്രതിനിധികളുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

10 ഉച്ചകഴിഞ്ഞ്, മേരിക്കുന്നിൽ ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

വൈകുന്നേരം, പാറോപ്പടി ഫൊറോനയിലെ കുടുംബക്കൂട്ടായ്മാ പ്രതിനിധികളുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

11 രാവിലെ, 2021-2022 അദ്ധ്യയന വർഷ ആരംഭത്തോടനുബന്ധിച്ച് എം. എസ്. ടി. മൈനർ സെമിനാരി ചാപ്പലിൽ വി. കുർബാനയർപ്പണവും തുടർന്ന് അദ്ധ്യയന വർഷം ഉദ്ഘാടനവും നിർവ്വഹിച്ചു.

എം.എസ്.ജെ. സന്യാസിനീ സമൂഹത്തിന്റെ പുതിയ പ്രൊവിൻഷ്യൽ സി. ഷീലയെയും ടീമംഗങ്ങളെയും രൂപതാ ഭവനിൽ സ്വീകരിച്ചു.

പ്രീ-കാനാ ഓൺലൈൻ കോഴ്സിൽ സംബന്ധിച്ചവർക്കായി ക്ലാസ്സെടുത്തു.

12 രാവിലെ, മരഞ്ചാട്ടി ഇടവകയിൽ പരേതനായ പൈമ്പള്ളിൽ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

ഉച്ചകഴിഞ്ഞ്, കോട്ടക്കൽ ആര്യവൈദ്യശാലയുടെ പുതിയ മാനേജിങ്ങ് ട്രസ്റ്റിയായ ഡോ. പി. മാധവൻകുട്ടി വാര്യരെ സന്ദർശിച്ച് മാനേജിംഗ് ട്രസ്റ്റിയായിരുന്ന ഡോ. പി.കെ. വാര്യരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

15 രാവിലെ, കൂടരഞ്ഞി ഇടവക ദൈവാലയത്തിൽ ഡീക്കൻ ജോസഫ് മുതലക്കുഴിക്ക് പൗരോഹിത്യപട്ടം നൽകി.

തിരുവമ്പാടി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ സി. സിൽവെസ്റ്ററിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

ഉച്ചകഴിഞ്ഞ്, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

16 രാവിലെ, ദീപിക കോഴിക്കോട് യൂണിറ്റിലെ വിവിധ വിഭാഗങ്ങളിലെ മേധാവികളുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, ഇൻഫാം സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

കാട്ടാനയുടെ അക്രമണത്തിൽ പ്രതിഷേധിച്ച് പെരുവണ്ണാമൂഴിയിൽ ഫോറസ്റ്റ് ഓഫീസിനു മുമ്പിൽ കർഷകർ നടത്തിയ സമരവേദി സന്ദർശിച്ചു.

നരിനട ഇടവകയിലെ, പരേതനായ തോമസ് മിറ്റത്താനിക്കലിനു വേണ്ടി ഭവനത്തിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

17 രാവിലെ, രൂപതയിലെ സന്യാസിനീ സമൂഹങ്ങളിലെ സുപ്പീരിയർമാരുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, അൽഫോൻസാ കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.


18 രാവിലെ, തിരുവമ്പാടി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു.

കല്ലുരുട്ടി ഇടവകയിൽ പരേതയായ ഫിലോമിന കളപ്പുരക്കലിനു വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19 വൈകുന്നേരം, പബ്ളിക് അഫയേഴ്സ് കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

20 രാവിലെ, മുക്കം ഇടവകയിലെ എ.കെ.സി.സി. യൂണിറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച മുക്കം അഗ്രിക്കൾച്ചറൽ & ഫാർമേർസ് സോഷ്യൽ വെൽഫയർ സഹകരണ സൊസൈറ്റിയുടെ ഓഫീസിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. തുടർന്ന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു.

21 രാവിലെ, അൽഫോൻസ മൈനർ സെമിനാരി ചാപ്പലിൽ വൈദികവിദ്യാർത്ഥികൾക്കായി വി. കുർബാനയർപ്പിക്കുകയും തുടർന്ന് ക്ലാസ്സെടുക്കുകയും ചെയ്തു.



# വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന

ഞങ്ങളുടെ വിമോചകന്റെ പാലകനായ വി. യൗസേപ്പിതാവേ, പരി. കന്യാമറിയത്തിന്റെ മണവാളാ, ദൈവം തന്റെ ഏകജാതനെ ഭരമേല്പിച്ച അങ്ങിലാണല്ലോ, പരി. കന്യകാ മറിയം ശരണപ്പെട്ടത്. അങ്ങയോടൊപ്പമാണല്ലോ ഈശോ വളർന്നത്. വി. യൗസേപ്പിതാവേ, ഞങ്ങളുടെ സ്വർഗീയതാതനായിരുന്നുകൊണ്ട് ജീവന്റെ വഴിയിൽ ഞങ്ങളെയും നയിക്കണമേ. ഞങ്ങൾക്ക് കൃപയും കാരുണ്യവും ധൈര്യവും ലഭിക്കുന്നതിനും തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുന്നതിനും മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

('പാത്രിസ് കോർദേ'യുടെ സമാപനത്തിലെ പ്രാർത്ഥന)



# Pope Francis

## On Family



**1. The family prays**

After all, prayer seems to be something personal, and besides there is never a good time, a moment of peace... Yes, all that is true enough, but it is also a matter of humility, of realizing that we need God... all of us! We need his help, his strength, his blessing, his mercy, his forgiveness. And we need simplicity to pray as a family: simplicity is necessary! Praying the Our Father together, around the table, is not something extraordinary: it's easy. And praying the Rosary together, as a family, is very beautiful and a source of great strength! And also praying for one another! The husband for his wife, the wife for her husband, both together for their children, the children for their grandparents....praying for each other. This is what it means to pray in the family and it is what makes the family strong: prayer.

**2. The family keeps the faith**

We all know that families, especially young families, are often "racing" from one place to another, with lots to do. But did you ever think that this "racing" could also be the race of faith? Christian families are missionary families. ...They are missionary in everyday life, in their doing everyday things, as they bring to everything the salt and the leaven of faith! Keeping the faith in families and bringing to everyday things the salt and the leaven of faith.


**3. The family experiences joy**

Dear families, you know very well that the true joy which we experience in the family is not superficial; it does not come from material objects, from the fact that everything seems to be going well... True joy comes from a profound harmony between persons, something which we all feel in our hearts and which makes us experience the beauty of togetherness, of mutual support along life's journey. But the basis of this feeling of deep joy is the presence of God, the presence of God in the family and his love, which is welcoming, merciful, and respectful towards all. And above all, a love which is patient: patience is a virtue of God and he teaches us how to cultivate it in family life, how to be patient, and lovingly so, with each other. To be patient among ourselves. A patient love.

Dear families, always live in faith and simplicity, like the Holy Family of Nazareth! The joy and peace of the Lord be always with you!

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 31-07-2021 |



Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.